VOL NO: 06 I ISSUE 29
www.nerpatham.com
mail@nerpatham.com
2022 JULY 16 I ₹10

# നേർപഥം

വാരിക



## മുൾക്കിരീടമാകുന്ന മക്കൾ

അറിവും അന്നവും അനുഭവങ്ങളും തേടി പ്രവാസലോകത്തേക്ക് വിമാനം കയറിയ പലരും ക്രൂരമായ ചൂഷണങ്ങൾക്കിരയായാണ് തിരികെയിറങ്ങുന്നത്. ജീവിതപരിസരങ്ങളിലെ ഇല്ലായ്മയും വല്ലായ്മയുമാണ് പലരെയും ചതിക്കുഴിയിൽ ചാടിക്കുന്നതെങ്കിൽ ചിലതെങ്കിലും സ്വയംകൃതാനർഥമാണെന്ന് പറയാതെ വയ്യ.

# പ്രവാസികൾ അകപ്പെടുന്ന ചതിക്കുഴികൾ

|| ദൈവം, ശാസ്ത്രം, നാസ്തികത

|| വിവാഹ മോചനം; ഒരു സംക്ഷിപ്ത പഠനം

|| ഉപദേശത്തിലെ വിമർശനം; അടുപ്പവും അകൽച്ചയും

# പുറത്തിറങ്ങി...





WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0286
# നേർപഥം
വാരിക
2022 ജൂലായ് 16
1443 ദുൽഹിജ്ജ 16
പുസ്തകം 06 / ലക്കം 29




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




**04**
നമുക്കുചുറ്റും
കള്ളന്റെ അവിൽ പൊതിയും ലിബറലുകളുടെ 'മറ' വിവാദവും
താജുദ്ദീൻ സ്വലാഹി

**05**
മുഖമൊഴി
മുൾക്കിരീടമാകുന്ന മക്കൾ

**06**
ലേഖനം
ദൈവം, ശാസ്ത്രം, നാസ്തികത
അർഷദ് കുറിശ്ശാംകുളം

**09**
മധുരം ജീവിതം
സ്വർഗം അരികിലുണ്ട്
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**15**
ലേഖനം
ഉപദേശത്തിലെ വിമർശനം; അടുപ്പവും അകൽച്ചയും
ദുൽക്കർഷാൻ അലനല്ലൂർ

**18**
ചരിത്രപഥം
നബി(സ്വ)യുടെ വഫാത്ത്
ഹുസൈൻ സലഫി

**24**
കാഴ്ച
മഴക്കാലത്തെ വറുതികൾ
ഇബ്നു അലി എടത്തനാട്ടുകര

**25**
ആരോഗ്യപഥം
വ്യത്തിയുള്ള സമൂഹം
ഡോ. യാസ്മിൻ എം. അബ്ബാസ്

**26**
ലേഖനം
വിവാഹ മോചനം; ഒരു സംക്ഷിപ്ത പഠനം
ശബീബ് സ്വലാഹി തിരൂരങ്ങാടി

**31**
ക്വുർആൻ ദർശനം
അഹ്ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**34**
കവിത
തർക്കം
സലാഹുദ്ദീൻ ഇബ്നു സലീം

# കള്ളന്റെ അവിൽ പൊതിയും ലിബറലുകളുടെ 'മറ' വിവാദവും

താജുദ്ദീൻ സ്വലാഹി

: 9497714535

വീട്ടുകാരുടെ ശ്രദ്ധ തെറ്റിച്ച് സുരക്ഷിതമായി കക്കാൻ വേണ്ടി കള്ളൻമാർ ഒപ്പിക്കുന്ന ചില വിദ്യകൾ അവർ ചിലപ്പോഴെങ്കിലും വിജയകരമായി നടപ്പിലാക്കാറുണ്ട്... വീട്ടിലെ കാവൽ നായക്ക് ശർക്കര പുരട്ടിയ അവിൽ എറിഞ്ഞു കൊടുക്കുക, കിണറ്റിലേക്ക് വലിയ കല്ലെടുത്തിടുക, പുറത്തെ വെള്ളത്തിന്റെ ടാപ്പ് തുറന്നിടുക തുടങ്ങിയ പല അടവുകളും അവർ ഇതിനായി പ്രയോഗിക്കും. ശബ്ദം കേട്ട് എല്ലാവരും അങ്ങോട്ട് തിരിയുമ്പോൾ കാര്യം നടത്തി പതിയെ തടിതപ്പും...

ജെന്റർ പൊളിറ്റിക്സ് സംബന്ധിച്ച് തൃശൂർ മെഡിക്കൽ കോളേജിലെ കുട്ടികൾക്ക് വേണ്ടി ക്യാമ്പസിന് പുറത്ത് ഒരു മതസ്ഥാപനത്തിൽ സംഘടിപ്പിച്ച പരിപാടിയിലെ രണ്ടു മീറ്റർ തുണിക്കഷണം മറ 'വൻ ചർച്ചയാകുമ്പോൾ' വീട് കയറി കൊള്ള നടത്തുന്ന കള്ളന്റെ കുബുദ്ധിയുടെ കഥയാണ് ഓർമ്മ വരുന്നത്.

തുല്യത, അവകാശം, പുരുഷ മേൽക്കോയ്മ തുടങ്ങിയ ചില മധുരം പുരട്ടിയ വാക്കുകളുമായി കടന്നു വരുന്നവർ എടുക്കുന്ന പണിയും ഇത് തന്നെയാണ്. പുതുതലമുറയിലെ പെൺകുട്ടികളെ പെട്ടെന്ന് ആകർഷിക്കുന്ന പദാവലികളാണിതൊക്കെ. എന്നാൽ സമൂഹത്തിന്റെ കണ്ണായ ഇടങ്ങളിൽ പെണ്ണിനെ എത്തിക്കലും അവർ നേരിടുന്ന അവഗണനക്കെതിരിൽ ശബ്ദിക്കലുമാണോ ഇവരുടെ അജണ്ട..? അല്ലെന്ന് മാത്രമല്ല അതൊക്കെയും കള്ളന്റെ അവിൽ പൊതി മാത്രമാണ് താനും.

ജെന്റർ ന്യൂട്രാലിറ്റി എന്ന പോസിറ്റീവ് വൈബ് മുന്നിൽ വെച്ച് അതിലൂടെ ഒളിച്ചു കടത്തുന്നത് മറ വിവാദത്തിന്റെ തീ ഊതിക്കത്തിക്കുന്ന, ലിബറലുകളുടെ ടൂളുകളായി മാറിപ്പോയ പലർക്കും സമ്മതമില്ലാത്ത കാര്യങ്ങളാണെന്നതാണ് അതിലേറെ കൗതുകകരം. 'മറ' വിവാദം പോലെയുള്ള കാര്യങ്ങളുടെ പുകച്ചുരുളുകൾക്കിടയിലൂടെ ഒളിച്ച് കടത്തുന്ന ജീർണ്ണിച്ച ചിന്തകൾ നമ്മെ ഭയപ്പെടുത്തുന്നതാണ്...

'അല്ലെങ്കിലും അതൊക്കെ കുറച്ച് കൂടുതലാണ് 'ഇവർക്ക് കാലം തിരിയുമോ' എന്നൊക്കെ പറഞ്ഞ് 'മറ'യുടെ വിവാദ പുക ഊതിപ്പരത്തുന്ന രാഷ്ട്രീയ സാമൂഹിക മത മേഖലകളിലുള്ള ആളുകളോട് ചില ചോദ്യങ്ങൾ ഉന്നയിക്കുകയാണ്.

1. ആണ്, പെണ്ണ് എന്നിങ്ങനെ രണ്ട് വിഭാഗം വേണ്ട എന്ന ലിബറലുകളുടെ അഭിപ്രായം താങ്കൾക്ക് സ്വീകാര്യമാണോ?

2. തന്റെ ലിംഗത്വവും ഐഡന്റിറ്റിയും എന്താണെന്നതിൽ സംശയം തോന്നുന്ന, അഥവാ ജെന്റർ കൺഫ്യൂഷൻ വ്യാപകമാകുന്ന ഒരു പുതുതലമുറ രൂപപ്പെട്ടു വരുന്നു എന്നത് ഇന്ന് ലോകം നേരിടുന്ന ഒരു വലിയ പ്രതിസന്ധിയാണ്. ഇത് ലിബറലുകൾ താങ്ങി നടക്കുന്ന പൊളിറ്റിക്സിന്റെ സംഭാവനയാണ് എന്നത് താങ്കൾക്കറിയുമോ?

3. നിങ്ങളുടെ മകൾ ഞാൻ നാളെ മുതൽ പുരുഷനാവുകയാണ് എന്ന് പറഞ്ഞാൽ അത് അനുവദിച്ച് കൊടുക്കണമെന്ന വാദം നിങ്ങൾ അംഗീകരിക്കുമോ? ഇത്തരം സംഭവങ്ങൾ അനുദിനം ഉണ്ടാകുന്നു എന്നത് താങ്കൾക്കറിയുമോ ?

4. അവൾ ചെറിയ കുട്ടിയല്ലേ, ഒരു കൗൺസലിങ് നൽകാമെന്ന് കരുതുന്ന നിങ്ങൾ ചെയ്യുന്നത് അവളുടെ അവകാശത്തിലുള്ള ഇടപെടലാണ് എന്ന് വിശ്വസിക്കുന്നവരെ നിങ്ങൾ അംഗീകരിക്കുമോ?

5. ആൺകുട്ടിയാകാൻ തീരുമാനിച്ച നിങ്ങളുടെ മോളെ അവളുടെ പക്വതയുടെ പ്രായം വരെ തൽകാലം തടഞ്ഞു വെക്കാമെന്ന് ചിന്തിക്കുന്ന നിങ്ങളെന്ന രക്ഷിതാവിനെ വീട്ടുതടങ്കലിലാക്കണമെന്ന കോടതി വിധി സമ്പാദിക്കുന്ന ലിബറൽ ചിന്താധാര നിങ്ങൾക്ക് സ്വീകാര്യമാണോ?

6. ലോകത്ത് ഇപ്രകാരം വീട്ടിലടക്കപ്പെട്ട രക്ഷിതാക്കൾ ഉണ്ടെന്നത് താങ്കൾ ശ്രദ്ധിച്ചിട്ടുണ്ടോ ?

7. കോളേജിൽ പഠിക്കുന്ന മകനെ എതിർ ലിംഗത്തിലെ വ്യക്തിക്കൊപ്പം ഒരു റൂമിൽ വെച്ച് കണ്ടാൽ അത് ധാർമ്മികമാണ് എന്ന് ചിന്തിക്കാൻ നിങ്ങൾക്ക് സാധിക്കുമോ ? അത് അധാർമ്മികമെന്ന് ചിന്തിക്കുന്ന താങ്കൾ പിന്തിരിപ്പനാണെന്ന ലിബറൽ വാദം താങ്കൾക്ക് സ്വീകാര്യമാണോ?

8. പരസ്പര സമ്മതത്തോടെ അമ്മ, പെങ്ങൾ എന്ന വ്യത്യാസമില്ലതെ ആരുമായും രതിയിൽ ഏർപ്പെടാമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ ? ഈൻസസ്റ്റ് എന്ന ഈ തിന്മ ന്യായീകരിക്കുന്നവരാണു ഇപ്പോൾ മറ വിവാദം കൊണ്ടു വന്നവരിൽ പലരുമെന്ന നഗ്ന സത്യം താങ്കൾക്കറിയുമോ ?

9. മൃഗരതിയും കുഞ്ഞുങ്ങളുമായുള്ള ശാരീരിക ബന്ധവും ഉദ്ദേശിക്കുന്നവർക്ക് അപ്രകാരം ചെയ്യാമെന്ന് ചിന്തിക്കുന്നവരും ലിബറൽ സമൂഹത്തിലെ സ്വതന്ത്ര ജീവികളാണ്.. ഇതൊക്കെ താങ്കൾക്ക് സ്വീകാര്യമാണോ?

പ്രത്യേക ഉദ്ദേശ്യങ്ങളോടെ ഇടക്കിടെ വിവാദങ്ങളുണ്ടാക്കി ആളുകളെ കൂടെ നിർത്തിയതിന് ശേഷം തങ്ങളുടെ ഒളി അജണ്ടകൾ നടപ്പിലാക്കാൻ ഗൂഢ പദ്ധതി ആവിഷ്കരിക്കുന്നവരെ നാം തിരിച്ചറിയണം. ഇല്ലെങ്കിൽ തകരുക ഈ സമൂഹത്തിന്റെ അലകും പിടിയുമായിരിക്കും.

# മുൾക്കിരീടമാകുന്ന മക്കൾ

മക്കളുടെ കരങ്ങളാൽ കൊല്ലപ്പെടുന്ന മാതാപിതാക്കളുടെ എണ്ണം നമ്മുടെ നാട്ടിൽ വർധിച്ചുവരികയാണോ? ആണെന്നാണ് വാർത്താമാധ്യമങ്ങൾ വ്യക്തമാക്കുന്നത്. സ്വത്തിന്റെ പേരിലും ലഹരിക്ക് അടിമയായതിനാലുമാണ് കൂടുതൽ കൊലപാതകങ്ങളും നടക്കുന്നത്. ഏതാനും ദിവസം മുമ്പ് എഫ്ബിയിൽ ഒരു വീഡിയോ കാണാനിടയായി. പതിനഞ്ചു വയസ്സിൽ താഴെ മാത്രം പ്രായം തോന്നിക്കുന്ന ഒരു ആൺകുട്ടി ഭ്രാന്തനെപോലെ 'എനിക്കു കാശ് താ... എനിക്കു കാശ് വേണം...' എന്നു പറഞ്ഞ് അലമുറയിടുന്നു. മാതാവിനെയും മുത്തശ്ശിയെയുമൊക്കെ അടിക്കുന്നു, വളരെ വൃത്തികെട്ട വാക്കുകളാൽ അഭിസംബോധന ചെയ്യുന്നു. കഞ്ചാവിന് അടിമയായ ആ കുട്ടിയോട് മാതാവോ മറ്റോ 'നീ ഇഷ്ടമുള്ളത് പറഞ്ഞോളൂ, ചെയ്തോളൂ, ഞാൻ പോലീസിനെ വിളിക്കുകയാണ്...' എന്നെല്ലാം പറയുന്നുണ്ട്. കാശു കിട്ടിയില്ലെങ്കിൽ മാതാപിതാക്കളെ കൊല്ലാനും മടിക്കാത്ത അവസ്ഥയിലേക്ക് അവൻ എത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. സ്കൂളിൽ ഫീസ് അടക്കാനോ, പുസ്തകമോ പേനയോ വാങ്ങാനോ കാശിനുവേണ്ടി കരയുകയും വാശിപിടിക്കുകയുമൊക്കെ ചെയ്തിരുന്ന കുട്ടികളുടെ കാലം കഴിഞ്ഞിരിക്കുന്നു! ഇന്ന് കള്ളിനും കഞ്ചാവിനും ബൈക്കിനുമൊക്കെ കാശു ചോദിച്ചാണ് ന്യൂജെൻ വിദ്യാർഥികൾ വാശിപിടിക്കുന്നത്!

നല്ല മക്കളാവുക എന്നത് വലിയൊരു അനുഗ്രഹമാണ്. ആർക്കൊക്കെ കഴിയും ഇങ്ങനെ ആയിത്തീരാൻ? ജീവിതത്തിൽ സംതൃപ്തിയും സന്തോഷവും ആഗ്രഹിക്കുന്ന വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമായ ഒരു കാര്യമാണ് ഇത്. നമ്മളെല്ലാവരും ജീവിതായോധനത്തിന്റെ ഭാഗമായി സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവരാണ്. ദൈനംദിന ജീവിതത്തിൽ ഇടപെടുന്ന പലരുടെയും ഇഷ്ടവും സ്നേഹവും നേടിയെടുക്കാൻ പെടാപാട് പെടുന്നവരാണ് മനുഷ്യർ.

ഒരേസമയം നേതാക്കളുടെയും അണികളുടെയും സ്നേഹം പിടിച്ചുപറ്റാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ, മേലുദ്യോഗസ്ഥന്റെ പ്രശംസ കിട്ടാൻ അധ്വാനിക്കുന്ന കീഴ്ജീവനക്കാരൻ, തൊഴിലുടമയുടെ തൃപ്തി കൈവരിക്കാൻ കഠിനാധ്വാനം ചെയ്യുന്ന തൊഴിലാളി, ഉപഭോക്താവിന്റെ സ്നേഹം കിട്ടാൻ മുഖത്ത് ഫിറ്റ് ചെയ്ത പുഞ്ചിരിയുമായി കാത്തുനിൽക്കുന്ന കച്ചവടക്കാരൻ, അങ്ങനെയങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക! ഭൗതിക ജീവിതത്തിലെ നിസ്സാരമായ നേട്ടങ്ങൾക്കുവേണ്ടി അത്യധ്വാനം ചെയ്യുന്നവർ പലപ്പോഴും സ്വന്തം മാതാപിതാക്കളുടെ കാര്യത്തിൽ പരാജയപ്പെട്ടുപോകുന്നു എന്നത് ഏറെ ഖേദകരമാണ്. പലരും വിചാരിക്കുന്നത് മാതാപിതാക്കൾക്ക് യഥേഷ്ടം പണവും ഭേദപ്പെട്ട ചികിത്സയും ഉയർന്ന ജീവിത നിലവാരവും നൽകിയാൽ എല്ലാമായി എന്നാണ്.

ഇവിടെയാണ് അവരും നമ്മളും തമ്മിലുള്ള കൃത്യമായ രണ്ടു വ്യത്യാസങ്ങൾ പ്രകടമാകുന്നത്. ഒന്ന്, നമ്മൾ എല്ലാറ്റിനും കണക്കുവെക്കുന്നു എന്നതാണ്. രണ്ട്, നാം അവർക്കുവേണ്ടി ചെയ്യുമ്പോൾ; കുറച്ചു കാലത്തേക്കു വേണ്ടി മാത്രം ചെയ്താൽ മതി, അവർ അധിക കാലം ജീവിച്ചിരിക്കില്ല എന്ന പ്രതീക്ഷയാണ് നമ്മുടെ ഉള്ളിലുള്ളത്.

നാം തിരിച്ചറിയേണ്ട ഒരു കാര്യം, അവർക്ക് ഈ രണ്ടു വിചാരവും ഉണ്ടായിരുന്നില്ല എന്നതാണ്. വളരെ മോശമായ ഭൗതിക സാഹചര്യങ്ങളോട് പടവെട്ടി പാടുപെട്ട് നമ്മെ നാമാക്കി മാറ്റാൻ നീണ്ട വർഷങ്ങൾ കഠിനാധ്വാനം ചെയ്ത അവർ, നാം എത്ര കുത്തി നോവിച്ചാലും ചെയ്ത ത്യാഗങ്ങളുടെ കണക്ക് പറയില്ല! നാം അധിക കാലം ജീവിച്ചിരിക്കില്ല എന്നു ചിന്തിക്കാൻ പോലും അവർക്ക് കഴിയുമായിരുന്നില്ല.

സ്രഷ്ടാവായ അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെങ്കിൽ മാതാപിതാക്കളെ തൃപ്തിപ്പെടുത്താൻ കഴിയണം. അവർക്ക് നമ്മോട് ദേഷ്യമാണെങ്കിൽ അല്ലാഹുവിന് നമ്മോടും ദേഷ്യമായിരിക്കും. ഈ ബോധമുള്ള സത്യവിശ്വാസികൾക്ക് മാതാപിതാക്കളെ അവഗണിക്കാൻ കഴിയില്ല, തീർച്ച !



# ദൈവം, ശാസ്ത്രം, നാസ്തികത

**അർഷദ് കുറിശ്ശാംകുളം**
**: 6235 639 955**

നാസ്തികരിൽനിന്നും ഉന്നയിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വാദമാണ് ദൈവത്തെ ശാസ്ത്രീയമായി തെളിയിക്കണം എന്നത്. ഈ വാദം യഥാർഥത്തിൽ ഉന്നയിക്കുന്നത് രണ്ടു കാരണങ്ങൾ കൊണ്ടാണ്.

1. ശാസ്ത്രം മാത്രമാണ് അറിവ് സമ്പാദിക്കുവാനുള്ള ഏകമാർഗം എന്ന തെറ്റിദ്ധാരണ. (ശാസ്ത്രമാത്ര വാദം).

2. ദൈവത്തിന്റെ മേഖലയെ പറ്റിയുള്ള അജ്ഞത.

ശാസ്ത്രം മാത്രമാണോ അറിവ് സമ്പാദനത്തിനുള്ള ഏക മാർഗം? ശാസ്ത്രം മാത്രമാണ് അറിവിന്റെ ഏകമാർഗം എന്ന അവരുടെ തെറ്റിദ്ധാരണ ശാസ്ത്രത്തോടുള്ള അന്ധമായ വിശ്വാസത്തിൽനിന്നും വരുന്നതാണ്. അന്ധമായ വിശ്വാസം എന്നത് യഥാർഥത്തിൽ ഒരു കാര്യത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. അറിവ് സമ്പാദനരീതിയെ വിവരിക്കുന്ന ഫിലോസഫിയിലെ ഒരു ശാഖയാണ് ജ്ഞാനശാസ്ത്രം

**ശാസ്ത്രം മാത്രമാണോ അറിവ് സമ്പാദനത്തിനുള്ള ഏക മാർഗം? ശാസ്ത്രം മാത്രമാണ് അറിവിന്റെ ഏകമാർഗം എന്ന അവരുടെ തെറ്റിദ്ധാരണ ശാസ്ത്രത്തോടുള്ള അന്ധമായ വിശ്വാസത്തിൽനിന്നും വരുന്നതാണ്. അന്ധമായ വിശ്വാസം എന്നത് യഥാർഥത്തിൽ ഒരു കാര്യത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. അറിവ് സമ്പാദനരീതിയെ വിവരിക്കുന്ന ഫിലോസഫിയിലെ ഒരു ശാഖയാണ് ജ്ഞാനശാസ്ത്രം** (epistemology). **അറിവ്** 4 **മാർഗത്തിലൂടെയാണ് ലഭ്യമാകുന്നത്.**

1. **അവബോധം (ഇൻഡ്യൂഷൻ).**
2. **ആധികാരിക ഉദ്ധരണി (അതോറിറ്റി)**
3. **അനുഭവപരം (എപെരി സിസം)**
4. **യുക്തിചിന്ത (റാഷ്ണലിസം)**



(epistemology). അറിവ് 4 മാർഗത്തിലൂടെയാണ് ലഭ്യമാകുന്നത്.

1. അവബോധം (ഇൻഡ്യൂഷൻ).
2. ആധികാരിക ഉദ്ധരണി (അതോറിറ്റി).
3. അനുഭവപരം (എപെരി സിസം).
4. യുക്തിചിന്ത (റാഷ്ണലിസം)”

(മുഹമ്മദ് ഫാരിസ് പി. യു, നവനാസ്തികത ഒരു വിമർശന പഠനം, പേജ് 132).

പ്രധാനപ്പെട്ട അറിവ് സമ്പാദന മാർഗങ്ങൾ ഇവയാണ്:

**അവബോധം** (intution)

വ്യക്തിപരമായ തോന്നലുകളാണ് ഇവ. നമ്മുടെ അവബോധജന്യമായ അറിവുകളാണ് ഇത്.

**ആധികാരിക ഉദ്ധരണി/സാക്ഷ്യം** (Testimony/Authortiy)

നമ്മൾ ബഹുഭൂരിപക്ഷം കാര്യങ്ങളും വിശ്വസിക്കുന്നത്, testimonial knowledge അഥവാ സാക്ഷ്യത്തിലൂടെയാണ്. ഉദാ: ഭൂമി ഉരുണ്ടതാണെന്നു നാം വിശ്വസിക്കുന്നത് എല്ലാവരും ഭൂമിയെ സാറ്റലൈറ്റിലൂടെ വീക്ഷിച്ചിട്ടോ ഭൂമിയെ ചുറ്റി സഞ്ചരിച്ചിട്ടോ അല്ല; അത് കണ്ടെത്തിയവരുടെ സാക്ഷ്യമോ,ആധികാരിക ഉദ്ധരണികൾ വായിച്ചിട്ടോ ആരിൽനിന്നെങ്കിലും കേട്ടിട്ടോ ആണ്.

ഗാന്ധിജി ജീവിച്ചിരുന്നു എന്ന് നമ്മൾ വിശ്വസിക്കുന്നത് മറ്റുള്ളവരുടെ ആധികാരികമായ സാക്ഷ്യത്തിലൂടെയാണ്. ഇങ്ങനെ ലഭിക്കുന്ന അറിവുകൾ ടെസ്റ്റിമണിക്ക് ഉദാരഹരണങ്ങളാണ്.

**അനുഭവപരം** (emperisism)

പരീക്ഷണനിരീക്ഷണങ്ങളിലൂടെ, അതായത് അനുഭവങ്ങളിലൂടെ നേടിയെടുക്കുന്ന അറിവാണിത്. ശാസ്ത്രം ഈ രീതിയാണ് ഉപയോഗിക്കുന്നത്.

**യുക്തിചിന്ത** (rationalism)

കുറച്ചു വിവരങ്ങളിൽനിന്നും ഒരു അന്തിമ തീരുമാനത്തിൽ എത്തുന്നതിനെയാണ് യുക്തിചിന്ത എന്ന് പറയുന്നത്. ഇതിൽ ഉപയോഗിക്കുന്നത് deductive reasoning ആണ്.

ഉദാഹരണം:

എ. സൽമാൻ ഒരു മനുഷ്യനാണ്.

ബി. മനുഷ്യന്മാരെല്ലാവരും മരിക്കും.

സി. അതുകൊണ്ട് സൽമാനും മരിക്കും.

ഈ രീതിയിലാണ് യുക്തിചിന്ത പ്രവർത്തിക്കുന്നത്. ഇങ്ങനെ നാല് മാർഗങ്ങളിലൂടെയാണ്



**ഡോക്കിൻസ് പറയുന്നത് 'പദാർഥബന്ധിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ദൈവത്തെ തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനർഥം ദൈവം ഇല്ല' എന്നാണ്. പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനമാണ് ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നത്. എന്നാൽ ദൈവം പ്രപഞ്ചാതീതനാണ്. പ്രപഞ്ചത്തെതന്നെ സൃഷ്ടിച്ചവനാണ്. അങ്ങനെയുള്ള ദൈവത്തെ എങ്ങനെയാണ് 'പദാർഥബന്ധിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ' തെളിയിക്കാൻ കഴിയുക? പ്രപഞ്ചത്തിനുള്ളിലുള്ള കാര്യങ്ങൾതന്നെ എല്ലാം കണ്ടുപിടിക്കാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല.**

അറിവ് സമ്പാദിക്കുന്നത്. ശാസ്ത്രം മാത്രമല്ല അറിവ് സമ്പാദനത്തിന്റെ മാർഗം എന്നു വ്യക്തം.

നാസ്തികരുടെ ആചാര്യനായ റിച്ചാർഡ് ഡോക്കിൻസ് (Richard Dawkins) 'ദൈവ വിഭ്രാന്തി' (The God Delusion) എന്ന പുസ്തകത്തിൽ പറയുന്നത് കാണുക: "ദൈവാസ്തിക്യം എന്നത് പൂർണമായും ശാസ്ത്രീയ അന്വേഷണങ്ങളുടെ പരിധിയിലുള്ള വിഷയമാണ്. പഥാർഥബന്ധിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ദൈവത്തെ തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനർഥം ദൈവം ഇല്ലെന്നാണ്" (നവനാസ്തികത ഒരു വിമർശന പഠനം, പേജ് 102: (Richard dawkins the god delusion; 2006, പേജ് 73).

ഇദ്ദേഹത്തിന്റെ വാദം തീർത്തും ശാസ്ത്രത്തോടുള്ള അന്ധമായ ആരാധനയിൽനിന്നും ജനിക്കുന്നതാണ്. ശാസ്ത്രത്തെ അന്ധമായി ആരാധിക്കുന്നതിൽ നിന്നോ, ശാസ്ത്രത്തിന്റെ പഠന മേഖലയെ കുറിച്ചോ, ദൈവത്തെ കുറിച്ചോ അറിയാത്തതിനാൽ ഉയർത്തുന്ന ബാലിശമായ വാദമാണിത്.

**എന്താണ് ശാസ്ത്രം?**

Science (ശാസ്ത്രം) ലാറ്റിൻ ഭാഷയിലെ scientia എന്ന വാക്കിൽ നിന്നാണ് ഉത്ഭവിച്ചത്. അതിനർഥം അറിവ് (knowledge എന്നാണ്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും സ്വഭാവത്തെയും പ്രകൃതത്തെയും ഘടനയെയുംകുറിച്ച് വ്യവസ്ഥാപിതമായി പഠിക്കുന്നതാണ് ശാസ്ത്രം.

**ആരാണ് ദൈവം?**

ഡോക്കിൻസ് പറയുന്നത് 'പദാർഥബന്ധിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ദൈവത്തെ തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനർഥം ദൈവം ഇല്ല' എന്നാണ്. പ്രപഞ്ചത്തെക്കുറിച്ചുള്ള പഠനമാണ് ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നത്. എന്നാൽ ദൈവം പ്രപഞ്ചാതീതനാണ്. പ്രപഞ്ചത്തെ തന്നെ സൃഷ്ടിച്ചവനാണ്. അങ്ങനെയുള്ള ദൈവത്തെ എങ്ങനെയാണ് 'പദാർഥബന്ധിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ' തെളിയിക്കാൻ കഴിയുക? പ്രപഞ്ചത്തിനുള്ളിലുള്ള കാര്യങ്ങൾതന്നെ എല്ലാം കണ്ടുപിടിക്കാൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല.

**ആരാണ് ദൈവം**

ആരാണ് ദൈവം എന്ന് ബുദ്ധിയുള്ളവർക്ക്, ചിന്തിക്കുന്നവർക്ക് മനസ്സിലാകുന്ന രൂപത്തിൽ വിശുദ്ധ ഖുർആൻ പറഞ്ഞുതന്നിട്ടുണ്ട്.

"(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ(ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്നു തുല്യനായി ആരും ഇല്ലതാനും" (112: 1-4).

"അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (2:255).



# സ്വർഗം അരികിലുണ്ട്

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

സുബ്ഹി നമസ്കാരം കഴിഞ്ഞ് നബി(സ്വ) അനുചരൻമാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ബിലാലും കൂട്ടത്തിലുണ്ട്. ആരാണ് ബിലാൽ(റ)? ആഫ്രിക്കൻ വംശജന്റെ എല്ലാ ശാരീരിക രൂപങ്ങളും പൂർണാർഥത്തിലുള്ള, ചുരുണ്ട തലമുടിയും ചപ്പിയ മൂക്കും തടിച്ച ചുണ്ടുകളുമുള്ള, കുള്ളനും കറുകറുത്തവനുമായ ബിലാൽ(റ).

നബി(സ്വ) ബിലാലിനോട് ചോദിച്ചു: "ഇന്നലെ സ്വപ്നത്തിൽ (പ്രവാചകൻമാരുടെ സ്വപ്നം ദൈവസന്ദേശമാണ്) ഞാൻ സ്വർഗത്തിൽ താങ്കളുടെ ചെരുപ്പിന്റെ ശബ്ദം എന്റെ മുമ്പിലായി കേട്ടല്ലോ! താങ്കൾ ഇത്ര മഹത്തായ പദവി കരസ്ഥമാക്കാൻ ചെയ്തുകൊണ്ടിരിക്കുന്ന കർമങ്ങളെന്തൊക്കെയാണ്?"

ഒന്നാലോചിച്ചശേഷം ബിലാൽ(റ) പ്രതിവചിച്ചു: "അല്ലാഹുവിന്റെ റസൂലേ, ഞാൻ എപ്പോഴെല്ലാം വുദൂഅ് (അംഗശുദ്ധി) വരുത്താറുണ്ടോ അപ്പോഴൊക്കെ അതിന്റെ ഭാഗമായി പഠിപ്പിക്കപ്പെട്ട രണ്ടുറക്അത്ത് ഐച്ഛിക നമസ്കാരം നിർവഹിക്കാൻ ശ്രദ്ധിക്കാറുണ്ട്. ഒരുപക്ഷെ, അതായിരിക്കാം അല്ലാഹു എന്നെ ഈ പദവിയിലേക്ക് തെരഞ്ഞെടുക്കാൻ കാരണം."

നോക്കൂ, സ്വർഗത്തിലെ അതിമഹത്തായ അനുഗ്രഹത്തിലേക്കെത്തിപ്പെടാൻ എത്ര ലളിതമായ കർമമാണ് ആ സ്വഹാബിയെ സഹായിച്ചത്!

തികച്ചും ലളിതമായ കർമങ്ങൾ, എന്നാൽ ശ്രദ്ധയോടെയും അൽപം ജാഗ്രതയോടെയും ചെയ്താൽ വിവരിക്കാനാവാത്ത പ്രതിഫലം നമുക്ക് നേടിയെടുക്കാനാകും; ഇൻശാ അല്ലാഹ്.

സ്വർഗകവാടങ്ങളെക്കുറിച്ച് പ്രതീക്ഷാനിർഭരമായ സംസാരമാണ് ഇസ്‌ലാം നടത്തിയിട്ടുള്ളത്. നാൽപത് വർഷത്തെ വഴിദൂരമാണ് ഓരോ വാതിലിന്റെയും വീതി. അതാവട്ടെ അന്ന് തിരക്കേറിയതാവുകയും ചെയ്യും. ഇവ സൂചിപ്പിക്കുന്നതെന്താണ്?

അതിവിശാലമായ സ്വർഗകവാടത്തിലൂടെ ഊഹിക്കാൻ പോലുമാകാത്ത സ്വർഗലോകത്തേക്കായി അല്ലാഹു തെരഞ്ഞെടുക്കുന്നവരുടെ എണ്ണം എത്രയോ അധികമുണ്ടാവും എന്നത് തന്നെയാണ്.

അതിലാണ് നമ്മുടെ സകല പ്രതീക്ഷയും. ഒന്നു ശ്രമിച്ചാൽ, ഒന്നു ശ്രദ്ധിച്ചാൽ, വന്നുപോയ വീഴ്ചകളിൽനിന്ന് പശ്ചാത്തപിച്ച് കരകയറിയാൽ, അല്ലാഹുവിലേക്കൊന്ന് അടുത്താൽ തീർച്ചയായും നമുക്ക് ആ സ്വർഗവഴിയിൽ ഇടം പിടിക്കാനാകും. അല്ലാഹു അനുഗ്രഹിക്കട്ടെ.



**അറിവും അന്നവും അനുഭവങ്ങളും തേടി പ്രവാസലോകത്തേക്ക് വിമാനം കയറിയ പലരും ക്രൂരമായ ചൂഷണങ്ങൾക്കിരയായാണ് തിരികെയിറങ്ങുന്നത്. ജീവിതപരിസരങ്ങളിലെ ഇല്ലായ്മയും വല്ലായ്മയുമാണ് പലരെയും ചതിക്കുഴിയിൽ ചാടിക്കുന്നതെങ്കിൽ ചിലതെങ്കിലും സ്വയംകൃതാനർഥമാണെന്ന് പറയാതെ വയ്യ.**

# പ്രവാസികൾ അകപ്പെടുന്ന ചതിക്കുഴികൾ

**നബീൽ പയ്യോളി**
**:+966 55 771 0981**

കഴിഞ്ഞ കുറെ നാളുകളായി നമ്മുടെ നാടിന്റെ പലഭാഗത്തുനിന്നും വരുന്ന വാർത്തകൾക്ക് ചില സമാനതകളുണ്ട്. നാട്ടിൽ അവധിക്ക് വന്ന പ്രവാസിയെ തട്ടിക്കൊണ്ടുപോയി കൊന്ന വാർത്ത വല്ലാത്ത നടുക്കമുളവാക്കുന്നതായിരുന്നു. അത്രയധികം ക്രൂരമായാണ് അക്രമികൾ അയാളെ വധിച്ചത്. സ്വർണ ക്കടത്ത്, ഡോളർകടത്ത് സംഘങ്ങളുടെ ക്രൂരവലയത്തിൽ പെട്ടാണ് പ്രവാസികളിൽ പലരുടെയും ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. അറിഞ്ഞതും അറിയാത്തതുമായ ക്രൂരതകൾ ഇത്തരം കൊള്ള സംഘത്തിന്റേതായുണ്ട്. ചിലതൊക്കെ പിടിക്കപ്പെടുന്നുണ്ട്. എന്നാൽ മറ്റുചിലത് തേയ്ച്ചുമായ്ച്ച് കളയുകയാണ് ചെയ്തതെന്ന് അടുത്തകാലത്തായി വന്ന വാർത്തകൾ സൂചിപ്പിക്കുന്നു.

ഇതിലൊക്കെ ഇരകളാക്കപ്പെടുന്നത് പാവം പ്രവാസികളാണ്. രണ്ടായിരം റിയാൽ ശരാശരി മാസവരുമാനമുള്ളവരാണ് സാധാരണ പ്രവാസികൾ. രണ്ടുവർഷത്തിൽ ഒരിക്കൽ രണ്ടോ മൂന്നോ മാസം അവധിക്ക് നാട്ടിൽ പോകുന്നവരാണ് അധികവും. വർഷത്തിൽ ഒന്നോ ഒന്നരയോ മാസം അവധി ലഭിക്കുന്ന അപൂർവം ചിലരുമുണ്ട്. ജീവിതസന്ധാരണത്തിനായി വിമാനം കയറിയവർ ജീവിതസുഖങ്ങളും അനിവാര്യമായി ലഭിക്കേണ്ട പരിഗണന



കളും സ്നേഹവും ബന്ധങ്ങളും ഒക്കെ ത്യജിച്ച് കുടുംബത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റണം എന്ന ചിന്തയിൽ ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ ജീവിതത്തിലെ സുപ്രധാന കാലഘട്ടം ചെലവഴിക്കുന്നവരാണ്. അൻപത് ഡിഗ്രി സെൽഷ്യസ് വരെയാണ് ചൂട്. തണുപ്പ് ചിലപ്പോൾ മൈനസ് വരെയൊക്കെ എത്താറുണ്ട്. രണ്ടും തീക്ഷ്ണമായ കാലാവസ്ഥതന്നെ.

ആഴ്ചയിൽ ഒരു ദിവസം അവധി, വർഷത്തിൽ രണ്ട് പെരുന്നാളിനും മറ്റുമായി പതിനഞ്ചോ ഇരുപതോ ദിവസം ലഭിക്കുന്ന ലീവുകൾ. വീട്ടുജോലി, കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോസ്പിറ്റൽ തുടങ്ങിയ മേഖലകളിൽ അവധിയില്ലാതെ ജോലിചെയ്യേണ്ടി വരുന്നവർക്ക് പെരുന്നാളും മറ്റ് അവധികളും പലപ്പോഴും അന്യമാണ്. ജോലി തന്നെ ജോലി! ബാക്കിയുള്ള ദിവസങ്ങളിൽ എണ്ണയിട്ട യന്ത്രംപോലെ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരാണ് മറ്റുള്ളവർ. അസുഖമായാൽ പോലും റൂമിൽ കിടക്കാൻ മനസ്സുവരാതെ ജോലിക്ക് പോകുന്നവരാണ് ഭൂരിപക്ഷം സാധാരണക്കാരും. സ്വന്തം പിതാവ് മരിച്ച ദിവസം ഹോട്ടലിൽ ചായയിടുന്ന പെരിന്തൽമണ്ണ സ്വദേശിയോട് ഇന്നെങ്കിലും റൂമിൽ ഇരുന്നുകൂടായിരുന്നോ എന്ന് ചോദിച്ചപ്പോൾ 'റൂമിൽ ഒറ്റക്കിരുന്നിട്ട് മനസ്സ് കൈവിട്ടുപോകുന്നു, അപ്പോൾ ഇങ്ങ് പോന്നു' എന്ന ഉള്ളുപൊള്ളുന്ന മറുപടിയാണ് ലഭിച്ചത്. മരണം, വിവാഹം, ഗൃഹപ്രവേശനം തുടങ്ങി നമ്മൾ നിർബന്ധമായും സാന്നിധ്യം ആഗ്രഹിക്കുന്ന വേളകളിൽ അതിനു സാധിക്കാതെ, ആ നഷ്ടബോധത്തെ മറക്കാനും വിങ്ങുന്ന മനസ്സിനെ സമാധാനിപ്പിക്കാനും ജോലിത്തിരക്ക് ഉപയോഗപ്പെടുത്തുന്നവരാണ് മിക്കവരും.

അവധി ആഘോഷിക്കാൻ പെരുന്നാൾ അടക്കം മത ആഘോഷ വേളകളിലോ മറ്റോ നാട്ടിൽ കൂടാമല്ലോ എന്നുവെച്ചാൽ സാധാരണ സമയത്തെക്കാൾ നാലും അഞ്ചും ഇരട്ടിയാകും വിമാന ടിക്കറ്റ് ചാർജ്. ഇതെല്ലാം ഓർക്കുമ്പോൾ തലമിന്നും, സന്തോഷങ്ങളും വേണ്ടെന്നുവെക്കും പലരും. സാധാരണ പ്രവാസിയുടെ ജീവിതം അങ്ങനെയാണ്. അവധിക്ക് പോകുമ്പോൾ ലഭിക്കുന്നു കുടുംബത്തിൽനിന്നും സുഹൃത്തുക്കളിൽനിന്നും കൊണ്ടുവരേണ്ട സാധനങ്ങളുടെ നീണ്ട ലിസ്റ്റ്...! എല്ലാം ഇപ്പോൾ നാട്ടിൽ കിട്ടുമല്ലോ, അവിടുന്ന് വാങ്ങാം എന്ന് മറുപടി പറഞ്ഞാൽ 'അത് ശരിയാവില്ല, ഗൾഫിൽ നിന്ന് കൊണ്ടുവരേണ്ടത് അവിടെനിന്നുതന്നെ വേണം, അതിന്റെ ക്വാളിറ്റി ഒന്നു വേറെത്തന്നെയാണ്' എന്നായിരിക്കും മറുതലക്കൽനിന്നുള്ള പ്രതികരണം. രണ്ടോ മൂന്നോ മാസം നാട്ടിൽ നിൽക്കണമെങ്കിൽ വേണം അൻപതിനായിരമോ ഒരു ലക്ഷമോ! എല്ലാം ചേർത്തുവെക്കുമ്പോൾ മൂന്നോ നാലോ മാസത്തെ ശമ്പളം അവധിയിൽ ചെലവാകും..

ഇങ്ങനെയുള്ള മാനസികാവസ്ഥയിൽ ഇരിക്കുമ്പോഴാണ് സാന്ത്വനവാക്കുകളും ഓഫറുകളുമായി പരിചയത്തിൽ ഉള്ളതോ അല്ലാത്തതോ ആയ ചിലർ സമീപിക്കുന്നത്. അവർ തോളിൽ കയ്യിട്ട് സ്നേഹത്തോടെ പറയും; 'ങ്ആ... എല്ലാവരുടെയും അവസ്ഥ ഇതാണ്, നമുക്ക് വഴിയുണ്ട്. നാട്ടിലേക്കുള്ള ടിക്കറ്റ്,

**രാജ്യത്തെ നിയമങ്ങളെയും കൊള്ള സംഘങ്ങളുടെ മനുഷ്യത്വരഹിത പ്രവർത്തനങ്ങളെയും കുറിച്ചുള്ള അജ്ഞതയും സമൂഹവും കുടുംബവും ഉണ്ടാക്കുന്ന അനാവശ്യ പ്രതിസന്ധികളുടെയും ഇടയിൽ ഇല്ലാതാവുന്നത് നിരവധി മനുഷ്യ ജീവനുകളാണ്. അട്ടപ്പാടി അഗളി സ്വദേശി മരിച്ച സംഭവം അതിൽ അവസാനത്തേത് മാത്രമാണ്. നാട്ടിൽ നിന്ന് ഡോളർ കടത്തുമായി ബന്ധപ്പെട്ട വിഷയമാണ് ഈയിടെ നടന്ന കാസർഗോഡ് സ്വദേശിയായ ചെറുപ്പക്കാരന്റെ കൊലപാതകത്തിന് പിന്നിലെന്നാണ് പോലീസ് വിശദീകരിക്കുന്നത്.**

> **പത്തനംതിട്ട സ്വദേശിയായ യുവാവ് മദ്യക്കുപ്പികൾ ഒളിപ്പിച്ചുകടത്തിയ കേസിൽ മൂന്ന് മാസം മുമ്പാണ് സൗദി പോലീസിന്റെ പിടിയിലാകുന്നത്. സാമ്പത്തിക പ്രതിസന്ധി പങ്കുവച്ചപ്പോൾ സഹായഹസ്തങ്ങളുമായി വന്ന മലയാളികളാണ് ഈ ചെറുപ്പക്കാരനെ കുടുക്കിയത് എന്നാണ് സാമൂഹിക പ്രവർത്തകർ നൽകുന്ന വിശദീകരണം. താൻ കാൻസർ ബാധിതനാണന്നും തന്റെയും സഹോദരന്റെയും ചികിത്സക്കായി സുഹൃത്തിന്റെ സഹായം തേടിയ താൻ ചതിക്കപ്പെടുകയായിരുന്നുവെന്നുമുള്ള ഷാഹുൽ മുനീറിന്റെ അപേക്ഷ കേട്ട കോടതി കേസിൽ അപ്പീൽ കോടതിയിൽ നിരപരാധിത്വം തെളിയിക്കാൻ ഒരു മാസം സമയം അനുവദിച്ചു. അപ്പീൽ തള്ളുകയും പിഴയടക്കാൻ സാധിക്കാതിരിക്കുകയും ചെയ്താൽ തത്തുല്യമായ ശിക്ഷ അനുഭവിക്കേണ്ടിവരും. അതോടൊപ്പം എന്നെന്നേക്കുമായി സൗദിയിൽ പ്രവേശിക്കാൻ സാധിക്കാത്ത വിധം വിലക്കും ഉണ്ടാവും.**


അവധിയിലെ ചെലവിനുള്ള പണം എന്നിവ ലഭിക്കാൻ ഒരു ചെറിയ വഴിയുണ്ട്. ഞങ്ങൾ ഒരു സാധനം തരും. അത് നാട്ടിൽ എത്തിച്ചാൽ മതി. എയർപോർട്ടിൽ ആള് വന്ന് വാങ്ങും.' പലരും ഗതികേടുകൊണ്ട് ഈ വലയിൽ ചാടും.

ഈ കൊള്ളസംഘങ്ങൾ നാട്ടിൽ രണ്ട് സംഘങ്ങളെ അറിയിക്കും; സാധനം കൈപ്പറ്റേണ്ട അവരുടെ സംഘത്തെയും അത് 'പൊട്ടിക്കൽ ഓപ്പറേഷൻ' നടത്തേണ്ട മറ്റൊരു ഗുണ്ടാസംഘത്തെയും. അതിനിടയിൽ പെട്ട് ക്രൂരമായി കൊലചെയ്യപ്പെടുന്നത് പാവം പ്രവാസിയും. ഇതാണ് പ്രവാസലോകത്തെ സാമൂഹിക പ്രവർത്തകരും പോലീസും നൽകുന്ന വിവരങ്ങളുടെ രത്നച്ചുരുക്കം. രാജ്യത്തെ നിയമങ്ങളെയും കൊള്ളസംഘങ്ങളുടെ മനുഷ്യത്വരഹിത പ്രവർത്തനങ്ങളെയും കുറിച്ചുള്ള അജ്ഞതയും സമൂഹവും കുടുംബവും ഉണ്ടാക്കുന്ന അനാവശ്യ പ്രതിസന്ധികളുടെയും ഇടയിൽ ഇല്ലാതാവുന്നത് നിരവധി മനുഷ്യ ജീവനുകളാണ്. അട്ടപ്പാടി അഗളി സ്വദേശി മരിച്ച സംഭവം അതിൽ അവസാനത്തേത് മാത്രമാണ്. നാട്ടിൽ നിന്ന് ഡോളർ കടത്തുമായി ബന്ധപ്പെട്ട വിഷയമാണ് ഈയിടെ നടന്ന കാസർഗോഡ് സ്വദേശിയായ ചെറുപ്പക്കാരന്റെ കൊലപാതകത്തിന് പിന്നിലെന്നാണ് പോലീസ് വിശദീകരിക്കുന്നത്.

ഇതോടൊപ്പം ചേർത്തുവായിക്കേണ്ട മറ്റൊരു സംഭവമുണ്ട്; സൗദി കോടതിയുടെ വിധിക്ക് ആധാരമായ സംഭവം. സൗദിയുടെ ചരിത്രത്തിൽതന്നെ ഏറ്റവും വലിയ പിഴ ശിക്ഷ ലഭിക്കുന്ന കേസ്. 52,65,180 സൗദി റിയാൽ (11 കോടിയിലധികം ഇന്ത്യൻ രൂപ) ആണ് മലയാളി യുവാവിന് കോടതി ചുമത്തിയിരിക്കുന്ന പിഴ. പത്തനംതിട്ട സ്വദേശിയായ യുവാവ് മദ്യക്കുപ്പികൾ ഒളിപ്പിച്ചുകടത്തിയ കേസിൽ മൂന്ന് മാസം മുമ്പാണ് സൗദി പോലീസിന്റെ പിടിയിലാകുന്നത്. സാമ്പത്തിക പ്രതിസന്ധി പങ്കുവച്ചപ്പോൾ സഹായഹസ്തങ്ങളുമായി വന്ന മലയാളികളാണ് ഈ ചെറുപ്പക്കാരനെ കുടുക്കിയത് എന്നാണ് സാമൂഹിക പ്രവർത്തകർ നൽകുന്ന വിശദീകരണം. താൻ കാൻസർ ബാധിതനാണന്നും തന്റെയും സഹോദരന്റെയും ചികിത്സക്കായി സുഹൃത്തിന്റെ സഹായം തേടിയ താൻ ചതിക്കപ്പെടുകയായിരുന്നുവെന്നുമുള്ള ഷാഹുൽ മുനീറിന്റെ അപേക്ഷ കേട്ട കോടതി കേസിൽ അപ്പീൽ കോടതിയിൽ നിരപരാധിത്വം തെളിയിക്കാൻ ഒരു മാസം സമയം അനുവദിച്ചു. അപ്പീൽ തള്ളുകയും പിഴയടക്കാൻ സാധിക്കാതിരിക്കുകയും ചെയ്താൽ തത്തുല്യമായ ശിക്ഷ അനുഭവിക്കേണ്ടിവരും. അതോടൊപ്പം എന്നെന്നേക്കുമായി സൗദിയിൽ പ്രവേശിക്കാൻ സാധിക്കാത്ത വിധം വിലക്കും ഉണ്ടാവും.

നിരവധി മലയാളികളാണ് സൗദി അറേബ്യയടക്കമുള്ള ഗൾഫ് രാജ്യങ്ങളിൽ മദ്യം, മയക്ക് മരുന്ന് കള്ളക്കടത്ത് കേസുകളിൽ കുടുങ്ങി മോചനം കാത്ത് കഴിയുന്നത്. നിരവധി പാവപ്പെട്ട കുടുംബങ്ങളെ ഇരുട്ടിലേക്ക് തള്ളിവിട്ട് ഇരുട്ടിന്റെ മറവിൽ കഴിയുന്ന കൊള്ളസംഘങ്ങളെ കരുതിയിരുന്നേ മതിയാവൂ.

അപരിചിതരുടെ സഹായങ്ങൾ സ്വീകരിക്കരുത്, വ്യക്തമായ അറിവില്ലാത്ത കാര്യങ്ങളിൽ ഇടപെടരുത്. എത്ര സാമ്പത്തിക നേട്ടം ലഭിക്കുമെന്ന് വാഗ്ദാനം ലഭിച്ചാലും നിയമലംഘനങ്ങൾക്ക് കൂട്ടുനിൽക്കരുത് തുടങ്ങി ചതിക്കുഴികളിൽ വീഴാതിരിക്കാനുള്ള ജാഗ്രത പ്രവാസികൾ കാണിക്കണമെന്ന് പ്രവാസ ലോകത്തെ നന്മമനസ്സുകൾ നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുകയാണ്. ജീവിക്കാൻ സമ്പത്ത് അനിവാര്യമാണ് എന്നതിൽ തർക്കമില്ല. പക്ഷേ, മരണം വിളിച്ചുവരുത്തുന്നതായി,





ജീവിതത്തെ ഇരുട്ടിലേക്ക് തള്ളിവിടുന്നതായി അത് മാറരുത് എന്നത് അടിസ്ഥാനപരമായ തിരിച്ചറിവാണ്. പതിറ്റാണ്ടുകളായി മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ ജോലിതേടിയെത്തിയിട്ട്. അത് കേരളീയ സമൂഹത്തിൽ ഉണ്ടാക്കിയ സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക മാറ്റങ്ങൾ ചെറുതല്ല. വിദ്യാസമ്പ ന്നരായി മാറിയ തലമുറയും വിദഗ്ധ തൊഴിലാളികളുമൊക്കെ പ്രവാസികളുടെ കണ്ണീരിന്റെ ബാക്കി പത്രമാണ്.

**സമൂഹവും പ്രവാസിയും.**

ഇത്തരം ദുരന്തങ്ങളിൽ സമൂഹത്തിനും അറിഞ്ഞോ അറിയാതെയോ പങ്കുണ്ട്. വിവാഹം, ആഘോഷ പരിപാടികൾ, മത-രാഷ്ട്രീയ-സാമൂഹിക പരിപാടികൾ, സ്ഥാപനങ്ങൾ എന്നിവയിലൊക്കെ പ്രവാസികളുടെ പണം ചെന്നെത്തുന്നുണ്ട്. മിക്ക പ്രവാസികളും അകമഴിഞ്ഞു സഹായിക്കാൻ മടിയില്ലാത്തവരുമാണ്. ചിലരെങ്കിലും പ്രവാസികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാതെ സഹായത്തിനായി നിർബന്ധിക്കുന്ന ശൈലി സ്വീകരിക്കുന്നു.

അതോടൊപ്പം പ്രവാസിയുടെ കുടുംബം ഇത്തരം അവസരങ്ങളിൽ ആർഭാടങ്ങളില്ലാതെ കാര്യങ്ങൾ ചെയ്യുന്നത് ഈ കാലഘട്ടത്തിന് യോജിക്കാത്തതാണെന്ന മുദ്രകുത്തൽ, സോഷ്യൽ മീഡിയ വ്യാപകമായ ഇക്കാലത്ത് ഇങ്ങനെയൊന്നും ചെയ്തില്ലെങ്കിൽ താനും കുടുംബവും അപമാനിക്കപ്പെടുമെന്നു ചിന്തിക്കുന്ന പ്രവാസികൾ... ഇങ്ങനെ പ്രവാസി സമൂഹത്തെ ചതിക്കുഴികളിലേക്കു തള്ളിവിടുന്ന പല ഘടകങ്ങളുമുണ്ട്. കഴിവുള്ളവർ ചെയ്യട്ടെ, അതിൽ ആർക്കും തർക്കമില്ല. മറിച്ച് എല്ലാവരും അങ്ങനെ ചെയ്തേ മതിയാവൂ എന്ന വാശി ഒരിക്കലും അംഗീകരിക്കാവതല്ല. ഇത്തരം മാമൂലുകളോട് നോ പറയാനും സ്വന്തം സാഹചര്യങ്ങൾ തിരിച്ചറിഞ്ഞു ജീവിതം പ്രയാസകരമല്ലാതെയാക്കാനും പ്രവാസികളും കുടുംബവും സമൂഹവും സാഹചര്യങ്ങൾ ഒരുക്കണം. ആ തിരിച്ചറിവിൽനിന്ന് മനുഷ്യജീവനാണ് വലുതെന്നും മാമൂലുകൾ ജീവിതത്തെ ഇരുട്ടിലേക്ക് തള്ളിയിടുമെന്നും അതിൽ വഴുതി വീഴാതെ ഹലാലായ മാർഗത്തിൽ, ടെൻഷൻ ഇല്ലാതെ, കൊക്കിൽ ഒതുങ്ങുന്നത് മാത്രം കൊത്തിയും ജീവിക്കാനുള്ള വിവേകം പ്രവാസികളിൽ ഉണ്ടാവണം. എങ്കിലേ ഇത്തരം ദുരന്ത വാർത്തകൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ.

**സർക്കാരും പ്രവാസി പ്രശ്നങ്ങളും**

ഈ വർഷത്തെ ‘ലോക കേരളസഭ’യിൽ പ്രമുഖ വ്യവസായി ആക്ഷേപമായി ഉന്നയിച്ചത് പ്രവാസികൾ നാട്ടിൽ വന്ന് ഭക്ഷണം കഴിക്കുന്നതിനെ ധൂർത്തായി വ്യാഖ്യാനിക്കുന്നു എന്നതാണ്. ആരാണ് പ്രവാസ ലോകത്തെ പ്രയാസം പേറുന്നവർ എന്ന് പലപ്പോഴും അത്തരം മഹാസംഗമങ്ങളുടെ സംഘാടകരും സർക്കാരും സംവിധാനങ്ങളും മറന്നുപോവുകയാണ്. ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ ജീവിതം മണലാരണ്യത്തിൽ നഷ്ടപ്പെടുത്തുന്ന ലക്ഷക്കണക്കിന് സാധാരണക്കാരാണ് യഥാർഥ പ്രവാസികൾ. അവരുടെ പ്രശ്നങ്ങൾ എത്രത്തോളം ഇത്തരം സഭകൾ അഡ്രസ്സ് ചെയ്യുന്നു, പരിഹരിക്കുന്നു എന്ന് അവരുടെ

**അപരിചിതരുടെ സഹായങ്ങൾ സ്വീകരിക്കരുത്, വ്യക്തമായ അറിവില്ലാത്ത കാര്യങ്ങളിൽ ഇടപെടരുത്. എത്ര സാമ്പത്തിക നേട്ടം ലഭിക്കുമെന്ന് വാഗ്ദാനം ലഭിച്ചാലും നിയമലംഘനങ്ങൾക്ക് കൂട്ടുനിൽക്കരുത് തുടങ്ങി ചതിക്കുഴികളിൽ വീഴാതിരിക്കാനുള്ള ജാഗ്രത പ്രവാസികൾ കാണിക്കണമെന്ന് പ്രവാസ ലോകത്തെ നന്മമനസ്സുകൾ നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുകയാണ്. ജീവിക്കാൻ സമ്പത്ത് അനിവാര്യമാണ് എന്നതിൽ തർക്കമില്ല. പക്ഷേ, മരണം വിളിച്ചുവരുത്തുന്നതായി, ജീവിതത്തെ ഇരുട്ടിലേക്ക് തള്ളിവിടുന്നതായി അത് മാറരുത് എന്നത് അടിസ്ഥാനപരമായ തിരിച്ചറിവാണ്.**

**തൊട്ടടുത്ത രാജ്യമായ ബംഗ്ളാദേശ് ഈ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിവെക്കുന്ന ഇടപെടലുകൾ നടത്തുന്നത് നാം കാണാതെപോകരുത്. അനാവശ്യ വിവാദങ്ങളും വിഭാഗീയ ചിന്തകളും അക്രമങ്ങളുമൊക്കെ നാടിന്റെ പ്രതിച്ഛായക്ക് മങ്ങലേൽപിക്കുകയും വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുകയും ചെയ്യും. ഗൗരവതരമായ സംവാദങ്ങളും ചർച്ചകളും ഗുണപരമായ പദ്ധതികളുമാണ് നാടും ഭരണകൂടവും നടത്തേണ്ടത്. അനാവശ്യ വിവാദങ്ങൾക്ക് ചെവികൊടുക്കാതെ നാടിന്റെ സർവതോമുഖമായ വികസനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള വിവേകം ഭരണകൂടങ്ങളിൽനിന്നും ഉണ്ടാവണം.**

പേരിൽ ലഭിച്ച സ്ഥാനങ്ങൾ അലങ്കരമായി കാണുന്നവർ ചിന്തിക്കുന്നുണ്ടോ എന്നത് ഗൗരവതരമായി പരിശോധിക്കേണ്ട വസ്തുതയാണ്.

ആഘോഷ ഘട്ടങ്ങളിലും അവധി സമയങ്ങളിലും വിമാന കമ്പനികൾ ഈടാക്കുന്ന അമിത ടിക്കറ്റ് നിരക്കിന് തടയിടാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളും നോർക്കയടക്കമുള്ള സംവിധാനങ്ങളും ഫലപ്രദമായി ഇടപെടണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഇന്നും അത് പരിഹരിക്കപ്പെടാതെ കിടക്കുന്നു എന്നതുതന്നെ പ്രവാസി വിഷയത്തിൽ ഭരണകൂടത്തിന്റെ അലസ സമീപനത്തിന്റെ നേർചിത്രമാണ്. ഇത്തരം ദുരന്തങ്ങൾക്ക് വഴിവെക്കുന്നതിൽ ഭരണകൂടത്തിനും പങ്കുണ്ടെന്ന് സാരം.

**സ്വദേശിവൽക്കരണം എന്ന കടമ്പ**


ലോകമെങ്ങും സ്വദേശിവൽക്കരണം തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാവർക്കും തങ്ങളുടെ ജന്മനാട്ടിൽ തന്നെ ജോലി വേണം. ജനങ്ങളുടെ ജോലിയും ജീവനോപാധിയും ഉറപ്പു വരുത്തേണ്ടത് അതാത് രാജ്യത്തെ ഭരണകൂടങ്ങളുടെ ചുമതലയാണ്. അത് അവകാശമായി കണ്ട് ഭരണ കൂടങ്ങളെ സമ്മർദത്തിലാക്കി സ്വദേശിവൽക്കരണം നടപ്പിലാക്കുകയാണ് മിക്ക രാജ്യങ്ങളും. തൊഴിലില്ലായ്മ എന്നത് കേവലം ഒരു തൊഴിൽ പ്രശ്നം മാത്രമല്ല, മറിച്ച് അത് സാമൂഹിക സാമ്പത്തിക രംഗത്തും നാടിന്റെ ക്രമസമാധാന രംഗത്തും വലിയ പ്രത്യാഘാതമുണ്ടാക്കുന്ന കാര്യമാണ്. ഇത് തിരിച്ചറിയുന്നത്കൊണ്ടാണ് ഭരണാധികാരികൾ എന്ത് വിലകൊടുത്തും സ്വദേശിവൽക്കരണ നടപടികളുമായി മുന്നോട്ട് പോകുന്നത്. അത് നമ്മുടെ നാട്ടിലെ തൊഴിൽരഹിതരുടെ എണ്ണം വർധിപ്പിക്കും. അതുകൊണ്ട് തന്നെയാണ് നാട്ടിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം എന്ന് പ്രവാസി സമൂഹം ഒന്നടങ്കം ആവശ്യപ്പെടുന്നത്.

ഏതാനും ദിവസം മുമ്പ് സോഷ്യൽ മീഡിയയിൽ സജീവ ചർച്ചാവിഷയമായ ഒരു ചിത്രമുണ്ട്; പ്രവാസി വ്യവസായികളുടെ സൂപ്പർ മാർക്കറ്റിന് മുമ്പിൽ തൊഴിലാളി സംഘടനകൾ സമരപ്പന്തൽ തീർത്ത ചിത്രം. ഇങ്ങനെയെങ്കിൽ എന്ന് നമ്മുടെ നാട് രക്ഷപ്പെടും? തൊഴിലാളിയും തൊഴിൽ ദാതാവും തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിൽക്കേണ്ടതിന്റെയും അത് തൊഴിൽമേഖലയിൽ ഉണ്ടാക്കേണ്ട അവസര ങ്ങളെയുംകുറിച്ച് നമ്മുടെ സർക്കാരും തൊഴിലാളി സംഘടനകളും എന്നാണ് തിരിച്ചറിയുക?

സർക്കാരിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും ജനസംഖ്യയുടെ അഞ്ച് ശതമാനത്തോളം മാത്രം വരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമായി മാറ്റിവെക്കുന്ന സംസ്ഥാനം എന്ന നിലയിൽ ബാക്കി വരുന്ന ബഹുഭൂരിപക്ഷം ജനതയുടെ തൊഴിൽസ്വപ്നങ്ങൾ നിറവേറ്റേണ്ടത് സ്വകാര്യമേഖലയിലാണ്. അതിനനുസൃതമായ നിക്ഷേപാന്തരീക്ഷം നാട്ടിൽ ഉണ്ടാവേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇല്ലെങ്കിൽ പുതുതലമുറ കള്ളക്കടത്തും മയക്കുമരുന്നു വ്യാപാരവും അടക്കമുള്ള അധാർമിക, നിയമവിരുദ്ധ മാർഗങ്ങളിൽ തൊഴിൽ കണ്ടെത്തുകയും അത് നാടിന്റെ ചെറുപ്പത്തെ നശിപ്പിക്കുകയും ഗുരുതരമായ സാമ്പത്തിക ക്രമസമാധാന പ്രശ്നങ്ങൾക്ക് വഴിവെക്കുകയും ചെയ്യും.

തൊട്ടടുത്ത രാജ്യമായ ബംഗ്ളാദേശ് ഈ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിവെക്കുന്ന ഇടപെടലുകൾ നടത്തുന്നത് നാം കാണാതെപോകരുത്. അനാവശ്യ വിവാദങ്ങളും വിഭാഗീയ ചിന്തകളും അക്രമങ്ങളുമൊക്കെ നാടിന്റെ പ്രതിച്ഛായക്ക് മങ്ങലേൽപിക്കുകയും വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുകയും ചെയ്യും. ഗൗരവതരമായ സംവാദങ്ങളും ചർച്ചകളും ഗുണപരമായ പദ്ധതികളുമാണ് നാടും ഭരണകൂടവും നടത്തേണ്ടത്. അനാവശ്യ വിവാദങ്ങൾക്ക് ചെവികൊടുക്കാതെ നാടിന്റെ സർവതോമുഖമായ വികസനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാനുള്ള വിവേകം ഭരണകൂടങ്ങളിൽ നിന്നും ഉണ്ടാവണം. ■

ലേഖനം



# ഉപദേശത്തിലെ വിമർശനം; അടുപ്പവും അകൽച്ചയും


**ദുൽക്കർഷാൻ അലനല്ലൂർ**

: 9447745299


ജനങ്ങളിൽ ചിലയാളുകളുണ്ട്; ഞാൻ എല്ലാം തികഞ്ഞവൻ, എന്നെക്കൊണ്ടേ കഴിയൂ, എനിക്ക് മാത്രമെ സാധിക്കൂ, ഞാൻ ചെയ്താലേ ശരിയാകൂ എന്ന് നടിക്കുന്നവർ. ഇത് അഹങ്കാരമാണ്, പൊങ്ങച്ചമാണ്, സ്വന്തത്തിൽ അത്ഭുതം തോന്നലാണ്. അതാകട്ടെ ഇഹപര നാശഹേതുവുമാണ്.

ഇസ്‌ലാം അനുശാസിക്കുന്ന ആരാധനാകർമങ്ങൾ ചെയ്യൽ സ്വർഗ പ്രവേശനത്തിന് അത്യാവശ്യമാണ്. അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിന്റെ ഭാഗമാണ് നാം അവനു മുമ്പിൽ സമർപ്പിക്കുന്ന ആരാധനാകർമങ്ങൾ. ആളുകളിൽ പലരും ധരിച്ചുവച്ചിരിക്കുന്നത് ഒരുപാട് കർമങ്ങൾ കൂട്ടിനുണ്ടെങ്കിൽ മാത്രം സ്വർഗം ലഭിക്കുമെന്നാണ്. എന്നാൽ പ്രവാചകൻ(സ്വ) പോലും അങ്ങനെ ധരിച്ചുവച്ചിട്ടില്ലെന്നു മാത്രമല്ല, സ്വഹാബത്തിന് അതിനെ കുറിച്ച് കൃത്യമായ കാഴ്ചപ്പാട് നൽകുന്നുമുണ്ട്. ഒരു ഹദീസ് ശ്രദ്ധിക്കുക;

അബൂഹുറയ്‌റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "നിങ്ങളിലൊരാളും തന്റെ കർമം കൊണ്ട് മാത്രം സ്വർഗത്തിൽ പ്രവേശിക്കുകയില്ല." സ്വഹാബത്ത് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, താങ്കളും പ്രവേശിക്കുകയില്ലേ?" നബി(സ്വ) പറഞ്ഞു: "ഇല്ല, അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് എന്നെ മൂടിയാലല്ലാതെ..." (ബുഖാരി).

മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്; ആഇശ(റ) നിവേദനം, റസൂൽ(സ്വ) പറഞ്ഞു: "നിങ്ങൾ (കാര്യങ്ങൾ) നേരാംവണ്ണം ചെയ്യുകയും (പൂർണതയോട്) അടുപ്പിക്കുകയും ചെയ്യുക. നിങ്ങളുടെയൊന്നും കർമം (മാത്രം) നിങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല എന്ന് നിങ്ങൾ അറിയുകയും ചെയ്യുക..." (ബുഖാരി, മുസ്‌ലിം).

സൽസ്വഭാവങ്ങളെല്ലാം ഒത്തിണങ്ങിയ നബി(സ്വ) പറഞ്ഞു: "തീർച്ചയായും സൽസ്വഭാവത്തിന്റെ പൂർത്തീകരണത്തിനാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്" (ബുഖാരിയുടെ അദബുൽ മുഫ്‌റദ്).

ജനങ്ങളുമായി ഇടപഴകുമ്പോൾ ഓരോരുത്തരും ശ്രദ്ധിക്കേണ്ട ഗൗരവമുള്ള മേഖലയാണ് സ്വഭാവ രംഗം. പ്രത്യേകിച്ച് പ്രബോധന മേഖലയിൽ ഇടപെടുന്നവർ. കാരണം, അവരുടെ ഉപദേശത്തിലെ ഗുണകാംക്ഷയില്ലാത്ത വിമർശനം ഒരുപക്ഷേ, ആളുകളെ അടുക്കാനല്ല അകറ്റാനാണ് ഉപകരിക്കുക. അതാകട്ടെ സംഭവിക്കാൻ പാടില്ലാത്തതുമാണ്. പ്രബോധനം ജനങ്ങളെ ഇസ്‌ലാമിലേക്ക് അടുപ്പിക്കാനുള്ളതാണ്, അകറ്റാനുള്ളതല്ല. കൂടെയുള്ളവർക്ക് ഇസ്‌ലാമിനോടും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളോടും നീരസവും വെറുപ്പും തോന്നിപ്പോകുമാറ് നമ്മുടെ പ്രവർത്തനങ്ങളും സ്വഭാവവും ആയിത്തീർന്നുകൂടാ.

നബി(സ്വ)യുടെ സ്വഭാവമഹിമ കണ്ടറിഞ്ഞും പഠിച്ചറിഞ്ഞും ഇസ്‌ലാമിലേക്ക് എത്രയോ ആളുകൾ കടന്നുവന്നതിന് ചരിത്രം സാക്ഷിയാണ്.

സയ്ദ് ഇബ്നു സഅ്ന പറയുന്നു: "...വ്യവസ്ഥ പ്രകാരം ബാധ്യത തീർക്കുവാൻ രണ്ടുമൂന്ന് നാളുകൾ ശേഷിക്കുന്നുണ്ട്. പ്രവാചകൻ(സ്വ) ഒരു ജനാസയെ അനുഗമിച്ച് ബക്വീഅ് ക്വബ്ർ സ്ഥാനിലേക്ക് പുറപ്പെട്ടതായിരുന്നു. അനുചരന്മാരിൽ അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരും മറ്റും അദ്ദേഹത്തോടൊപ്പമുണ്ട്. ജനാസ നമസ്കരിച്ച പ്രവാചകൻ(സ്വ) ചാരിയിരിക്കുവാൻ ഒരു ചുമരിനരികിലേക്ക് അടുത്തപ്പോൾ ഞാൻ അടുത്ത് ചെന്നു.

അദ്ദേഹത്തിന്റെ കുപ്പായമാറും ശിരോവസ്ത്രവും കൂട്ടി അദ്ദേഹത്തെ കടന്നുപിടിച്ചു. പരുഷമായ മുഖഭാവത്തോടെ അദ്ദേഹത്തെ രൂക്ഷമായി നോക്കി. ഞാൻ പറഞ്ഞു: 'മുഹമ്മദ്! എന്നോടുള്ള ബാധ്യത വീട്ടുന്നില്ലേ? നിങ്ങൾ അബ്ദുൽ മുത്ത്വലിബിന്റെ മക്കൾ ബാധ്യത തീർക്കുന്നതിൽ അമാന്തിക്കുന്നവരാണ്. നിങ്ങളോടുള്ള ഇടപഴകലിൽ എനിക്ക് നിങ്ങളെയെല്ലാം നന്നായി അറിയാം.'

ഞാൻ ഉമറി(റ)നെ നോക്കി. കോപാകുലനായ അദ്ദേഹത്തിന്റെ ഇരുകണ്ണുകളും ഗോളങ്ങൾക്ക് സമാനമായി അദ്ദേഹത്തിന്റെ മുഖത്ത് കറങ്ങുന്നു! എന്നെ നോക്കി ഉമർ(റ) പറഞ്ഞു: 'ശത്രൂ, അല്ലാഹുവിന്റെ തിരുദൂതരോടാണോ നീ ഇതെല്ലാം പറയുന്നതും ചെയ്യുന്നതും? അല്ലാഹുവാണെ, ഞാൻ ചില കാര്യങ്ങൾ ഭയക്കുന്നില്ലായിരുന്നുവെങ്കിൽ എന്റെ ഈ വാളുകൊണ്ട് നിന്റെ തല ഞാൻ കൊയ്യുമായിരുന്നു.'

എന്നാൽ തിരുദൂതരാകട്ടെ തീർത്തും ശാന്തനാണ്. തികഞ്ഞ അടക്കത്തോടെ അദ്ദഹം എന്നെ നോക്കുന്നു. അദ്ദേഹം ഉമറി(റ)നെ വിളിച്ചു: 'ഉമർ! ഞാനും സയ്ദ് ഇബ്നു സഅ്നയും നിങ്ങളുടെ കോപംമൂത്ത പെരുമാറ്റം ആവശ്യമുള്ളവരല്ല. പ്രത്യുത, നല്ല നിലയ്ക്ക് ബാധ്യത തീർക്കുവാൻ എന്നോടും നല്ല രീതിയിൽ അത് സ്വീകരിക്കുവാൻ അദ്ദേഹത്തോടും ആവശ്യപ്പെടുകയായിരുന്നു നിങ്ങൾ ചെയ്യേണ്ടി യിരുന്നത്. ഉമർ! നിങ്ങൾ അദ്ദേഹത്തിന്റെ കൂടെ പോയി അദ്ദേഹത്തിന്റെ ബാധ്യത തീർക്കുക. നിങ്ങൾ അദ്ദേഹത്തെ ഭയപ്പെടുത്തിയതിന് പകരമായി ഇരുപത് സ്വാഅ് ഈന്തപ്പഴം കൂടുതൽ നൽകുകയും ചെയ്യുക.'

സയ്ദ് ഇബ്നു സഅ്ന പറയുകയാണ്: 'ഉമർ(റ) എന്നെയുംകൂട്ടി നടന്നു. ശേഷം എന്റെ കടം വീട്ടി. ഇരുപത് സ്വാഅ് ഈന്തപ്പഴം കൂടുതൽ നൽകുകയും ചെയ്തു.'

ഞാൻ ചോദിച്ചു: 'ഏറെ നൽകിയത് എന്തിനാണ്?'

ഉമർ(റ): 'ഞാൻ നിങ്ങളെ ഭയപ്പെടുത്തിയതിന് പകരമായി കൂടുതൽ നൽകുവാൻ തിരുദൂതർ(സ്വ) പറഞ്ഞതാണ്.'

ഞാൻ പറഞ്ഞു: 'ഉമർ, താങ്കൾക്ക് ഞാൻ ആരെന്ന് അറിയുമോ?'

ഉമർ(റ): 'ഇല്ല, ആരാണ് താങ്കൾ?'

ഞാൻ പറഞ്ഞു: 'സയ്ദ് ഇബ്നു സഅ്നയാണ്.'

ഉമർ(റ): 'വേദപണ്ഡിതൻ?'

ഞാൻ പറഞ്ഞു: 'അതെ, വേദപണ്ഡിതൻ!'

ഉമർ(റ): 'തിരുദൂതരോട് പരുഷമായി പെരുമാറുവാനും സംസാരിക്കുവാനും നിങ്ങളെ പ്രേരിപ്പിച്ചത് എന്താണ്?'

ഞാൻ പറഞ്ഞു: 'ഉമർ, തിരുദൂതരുടെ മുഖത്തേക്ക് ഒരു നോക്ക് നോക്കിയപ്പോൾ തന്നെ പ്രവാചകത്വത്തിന്റെ ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിൽ ഒത്തതായി ഞാൻ മനസ്സിലാക്കി. ശേഷിക്കുന്നത് രണ്ടെണ്ണം മാത്രമാണ്; അവയെക്കുറിച്ച് എനിക്ക് വിവരം ലഭിച്ചില്ല. വിവേകം അദ്ദേഹത്തിൽ മികച്ചുനിൽക്കും. അദ്ദേഹത്തോടുള്ള അവിവേകിയുടെ പെരുമാറ്റം അദ്ദേഹത്തെ കൂടുതൽ വിവേകമുള്ളവനാക്കും. ഇവയായിരുന്നു അവ രണ്ടും. ഇതോടെ അവ രണ്ടും തീർച്ചയായും ഞാൻ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. ഉമർ, താങ്കളെ ഞാൻ സാക്ഷിയാക്കുന്നു: തീർച്ചയായും ഞാൻ അല്ലാഹുവെ ആരാധ്യനായും ഇസ്‌ലാമിനെ മതമായും മുഹമ്മദിനെ പ്രവാചകനായും തൃപ്തിപ്പെട്ടിരിക്കുന്നു."

സയ്ദ് ഇബ്നു സ്അ്ന വീണ്ടും പറഞ്ഞു: 'ഉമർ, താങ്കളെ ഞാൻ സാക്ഷിയാക്കുന്നു. ഞാൻ വലിയ സമ്പന്നനാണ്. എന്റെ സമ്പത്തിന്റെ പകുതി ഞാൻ മുസ്‌ലിംകൾക്ക് ദാനമായി നൽകുന്നു.'

ഉമർ(റ)പറഞ്ഞു: 'മുസ്‌ലിംകളിൽ ചിലർക്ക് നൽകുക. കാരണം, താങ്കളുടെ സമ്പത്ത് അവർക്കെല്ലാവ ർക്കും തികയില്ല.'

ഞാൻ പറഞ്ഞു: 'എങ്കിൽ അവരിൽ ചിലർക്ക്.'

അങ്ങനെ അവരിരുവരും തിരുദൂതരുടെ അടുത്തേക്ക് മടങ്ങി. സയ്ദ് തിരുദൂതരുടെ മുമ്പിൽ ഇപ്രകാരം പ്രഖ്യാപിച്ചു: 'അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' (യഥാർഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരും ഇല്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു).'

ഈ സംഭവം പ്രവാചകന്റെ വിനയവും വിവേകവും മഹത്ത്വവും വിളിച്ചറിയിക്കുന്നു. പ്രവാചകനോട് പരുഷസ്വഭാവത്തിൽ പെരുമാറിയ സയ്ദ് ഇബ്നു സഅ്ന(റ)ക്ക് നബി(സ്വ)യോട് സ്നേഹവും ആകർഷണവും തോന്നുമാറ് നബി (സ്വ) പെരുമാറിയപ്പോൾ തന്റെ ഉറ്റ കൂട്ടുകാരൻ ഉമറുബ്നുൽ ഖത്ത്വാബി(റ)നെ സൗമ്യമായി തിരുത്തുകയും ചെയ്യുന്നു. ഭൂമിലോകത്ത് വേറെ ആരിൽ കാണാനാവും

**ഒരു നന്മയിലേക്ക്, അല്ലെങ്കിൽ ഒരു പ്രോഗ്രാമിലേക്ക് ക്ഷണിച്ചാൽ ആളുകൾ അത് നിരസിക്കുകയോ സ്വീകരിക്കുകയോ ചെയ്തേക്കാം. ജീവിതത്തിൽ വലിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് സമയം കിട്ടിയില്ലെന്നു വരാം. എന്നാൽ അതിന്റെ പേരിൽ പിന്നീട് അവരെ കാണുമ്പോൾ അകലം പാലിക്കുന്ന ചിലരുണ്ട്. അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ അവരെ അകറ്റാനാൻ ശ്രമിക്കുന്നത് ശരിയല്ല. ഒരു പ്രബോധകനിൽ ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത സമീപനമാണിത്. നമ്മൾ മാത്രം എല്ലാം തികഞ്ഞവരും മറ്റുള്ളവർ ഒന്നും ചെയ്യാത്തവരും എന്ന ചിന്ത ശരിയല്ല.**

**സംസാരത്തിലെ അശ്രദ്ധ നമ്മെ നരകത്തിലേക്കെത്തിക്കും. നാവിനാൽ ഉണ്ടാകുന്ന വിപത്തുകൾ ചെറുതൊന്നുമല്ല. അതിന്റെ അനന്തരഫലം നരകവുമായിരിക്കും. ജനങ്ങളിൽ ധാരാളം പേരെ നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം എന്താണെന്ന് ചോദിച്ച അനുചരന് അല്ലാഹുവിന്റെ റസൂൽ(സ്വ) നൽകിയ മറുപടി 'നാവും ഗുഹ്യാവയവുമാണ്' എന്നായിരുന്നു. നല്ലതും ഉപകാരമുള്ളതുമായ കാര്യങ്ങൾ മാത്രം സംസാരിക്കുക. തിന്മയും ഉപദ്രവകരമായതുമായ സംസാരം ഉപേക്ഷിക്കുക. നന്മകൾക്ക് മുൻതൂക്കം നൽകുക.**

ഈ രൂപത്തിലുള്ള ശ്രേഷ്ഠമായ സ്വഭാവം!

ശാഹ്‌വലിയുല്ലാഹിദ്ദഹ്‌ലവി നബി (സ്വ)യെ കുറിച്ച് പറഞ്ഞു: "അദ്ദേഹത്തെ ആദ്യം കാണുന്നവന് ഗാംഭീര്യം തോന്നും. സഹവസിച്ചാൽ സേവിക്കും. കുടുംബാംഗങ്ങളോടും സേവകരോടും കരുണാർദ്രമായി പെരുമാറി. അനസ് ഇബ്നു മാലിക്(റ) പത്തു വർഷം പ്രവാചകന് സേവനം ചെയ്തു. ഒരിക്കലും നബി(സ്വ) അദ്ദേഹത്തോട് 'ഛെ' എന്ന് പറഞ്ഞില്ല. അവിടുന്ന് ദുർവൃത്തനോ ദുർവൃത്തിക്ക് പ്രേരിപ്പിക്കുന്നവനോ ശപിക്കുന്നവനോ ആയിരുന്നില്ല. അന്യരുടെ ദ്രോഹം ഏറെ സഹിക്കും. നാവുകൊണ്ടോ കൈകൊണ്ടോ ആരെയും വിഷമിപ്പിച്ചിട്ടില്ല. കുടുംബത്തിന്റെ പ്രശ്നങ്ങളും ജനങ്ങളുടെ പ്രശ്നങ്ങളും നന്നാക്കാൻ ശ്രദ്ധിക്കും. ഓരോരുത്തരുടെയും സ്ഥാനം മനസ്സിലാക്കി പെരുമാറും. സർവസമയവും അല്ലാഹുവിനെക്കുറിച്ചോർക്കും, ചിന്തിക്കും" (ഹുജ്ജത്തുല്ലാഹിൽ ബാലിഗ).

നല്ല സംസാരത്തിലൂടെയും നല്ല പെരുമാറ്റത്തിലൂടെയും ജനങ്ങളെ ഇസ്‌ലാമിലേക്ക് ആകർഷിപ്പിക്കാൻ കഴിയും എന്നതിനുള്ള തെളിവും കൂടിയാണ് പ്രസ്തുത സംഭവം.

ഒരു നന്മയിലേക്ക്, അല്ലെങ്കിൽ ഒരു പ്രോഗ്രാമിലേക്ക് ക്ഷണിച്ചാൽ ആളുകൾ അത് നിരസിക്കുകയോ സ്വീകരിക്കുകയോ ചെയ്തേക്കാം. ജീവിതത്തിൽ വലിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് സമയം കിട്ടിയില്ലെന്നു വരാം. എന്നാൽ അതിന്റെ പേരിൽ പിന്നീട് അവരെ കാണുമ്പോൾ അകലം പാലിക്കുന്ന ചിലരുണ്ട്. അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ അവരെ അകറ്റാനാൻ ശ്രമിക്കുന്നത് ശരിയല്ല. ഒരു പ്രബോധകനിൽ ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത സമീപനമാണിത്. നമ്മൾ മാത്രം എല്ലാം തികഞ്ഞവരും മറ്റുള്ളവർ ഒന്നും ചെയ്യാത്തവരും എന്ന ചിന്ത ശരിയല്ല.

നന്മനിറഞ്ഞ സംസാരവും പ്രവർത്തനവുമാണ് വിശ്വാസിയുടെ പ്രത്യേകത. മറ്റുള്ളവർക്ക് നമ്മിലെ നന്മ തിരിച്ചറിയാനുള്ള അടയാളം. നമ്മുടെ ഉപദേശത്തിലെ വിമർശനം ജനങ്ങളെ നമ്മിൽനിന്ന് അകറ്റുന്നതാക്കരുത്.

വിമർശനത്തിലും ഉണ്ടാവണം ഗുണകാംക്ഷ, അതും വലിയ സ്നേഹത്തോടെയാവണം. ഒരു ഉദാഹരണം കാണുക: നബി(സ്വ) പറഞ്ഞു: "അബ്ദുല്ല എത്ര നല്ലവനാണ്; രാത്രിനമസ്കാരംകൂടി ഉണ്ടായിരുന്നുവെങ്കിൽ!"

നബി(സ്വ)യുടെ ഒരു വിമർശനമായിരുന്നു ഇത്. നബി(സ്വ)ക്ക് വേണമെങ്കിൽ ഇപ്രകാരം പറയാമായിരുന്നു: 'രാത്രിനമസ്കാരമില്ലാത്ത അബ്ദുല്ല എന്ത് മനുഷ്യനാണ്!' 'രാത്രിനമസ്കാരമില്ലാത്ത അബ്ദുല്ലയെക്കുറിച്ച് എന്തു പറയാനാണ്!' ഇതൊക്കെ വിമർശനങ്ങളാണ്. എന്നാൽ നബി(സ്വ)യുടെ വിമർശന ശൈലി നോക്കൂ നിങ്ങൾ. എത്ര മനോഹരമാണത്! ഇതായിരിക്കണം പ്രവാചകനെ പിൻപറ്റുന്ന പ്രബോധകന്റെ ശൈലി.

അബൂമാലിക് അൽഅശ്അരി(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "തീർച്ചയായും സ്വർഗത്തിൽ ഒരു മുറിയുണ്ട്. അതിന്റെ പുറമെനിന്ന് നോക്കിയാൽ അകവും അകത്തുനിന്ന് നോക്കിയാൽ പുറവും കാണാം. (സാധുക്കളെ) ഭക്ഷിപ്പിച്ചവനും സംസാരം നന്നാക്കിയവനും (ഐഛികമായ) നോമ്പ് പതിവാക്കിയവനും ജനങ്ങൾ ഉറങ്ങുമ്പോൾ രാത്രിനമസ്കാരം നിർവഹിച്ചവനും അല്ലാഹു അത് ഒരുക്കിവെച്ചിരിക്കു ന്നു"' (അഹ്മദ്).

സംസാരത്തിലെ അശ്രദ്ധ നമ്മെ നരകത്തിലേക്കെത്തിക്കും. നാവിനാൽ ഉണ്ടാകുന്ന വിപത്തുകൾ ചെറുതൊന്നുമല്ല. അതിന്റെ അനന്തരഫലം നരകവുമായിരിക്കും. ജനങ്ങളിൽ ധാരാളം പേരെ നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യം എന്താണെന്ന് ചോദിച്ച അനുചരന് അല്ലാഹുവിന്റെ റസൂൽ(സ്വ) നൽകിയ മറുപടി 'നാവും ഗുഹ്യാവയവുമാണ്' എന്നായിരുന്നു. നല്ലതും ഉപകാരമുള്ളതുമായ കാര്യങ്ങൾ മാത്രം സംസാരിക്കുക. തിന്മയും ഉപദ്രവകരമായതുമായ സംസാരം ഉപേക്ഷിക്കുക. നന്മകൾക്ക് മുൻതൂക്കം നൽകുക. എന്നാൽ ഒരു നന്മയും ചെയ്യാൻ സാധിച്ചില്ലെങ്കിൽ ഉപദ്രവിക്കാതിരിക്കുക എന്നതും ഒരാൾക്ക് നന്മയായി ഭവിക്കും.

ഉമർ(റ) പറഞ്ഞു: "പ്രവാചകൻ(സ്വ) ചോദിക്കപ്പെട്ടു: 'കർമങ്ങളിൽ ഏതാണ് ഏറ്റവും ശ്രേഷ്ഠമായത്?' അവിടുന്ന് പറഞ്ഞു: 'ഒരു വിശ്വാസിയുടെ മനസ്സിൽ സന്തോഷമെത്തിക്കുക, അവന്റെ വിശപ്പകറ്റുക, അല്ലെങ്കിൽ അവന്റെ നഗ്നത മറയ്ക്കുക, അതുമല്ലെങ്കിൽ അവന്റെ ഒരാവശ്യം നിറവേറ്റിക്കൊടുക്കുക" (ത്വബ്റാനി, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

വിശ്വാസിയുടെ മനസ്സിൽ സന്തോഷം നിറക്കേണ്ടവർ നീരസവും വെറുപ്പും ദുഃഖവും ഉണ്ടാക്കുക എന്നത് ശരിയല്ല. പ്രബോധകന്റെ സംസാരവും പെരുമാറ്റവും വിമർശനത്തിലെ ഗുണകാംക്ഷയും പ്രബോധിതരെ അടുപ്പിക്കാൻ കാരണമാകണം. ■



# നബി(സ്വ)യുടെ വഫാത്ത്

മുഹമ്മദ് നബി (സ്വ) 81

ഹുസൈൻ സലഫി
: +971 50 634 6963

**രോഗത്തിന്റെ തുടക്കം**

നബി(സ്വ)ക്ക് രോഗം ബാധിച്ച സന്ദർഭത്തെ സ്വഹാബിമാർ വിവരിച്ചു തരുന്നത് നമുക്ക് ഇപ്രകാരം വായിക്കാം:

ആഇശ(റ)യിൽനിന്ന് നിവേദനം; അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ (സ്വ) ബക്വീഇൽനിന്നും മടങ്ങി. അവിടുന്ന് എന്നെ കാണുന്ന സമയത്ത് എനിക്ക് നല്ല തലവേദനയുണ്ടായിരുന്നു. ഞാൻ (ഇപ്രകാരം) പറയുന്നുമുണ്ടായിരുന്നു: 'ഓ, എന്റെ തല.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ആഇശാ, എനിക്കും എന്തൊരു തലവേദന.' പിന്നീട് അവിടുന്ന് പറഞ്ഞു: 'എനിക്കു മുമ്പ് നീയാണ് മരിക്കുന്നതെങ്കിൽ നിനക്ക് ഒരു പ്രയാസവുമുണ്ടാകില്ല. നിനക്കുവേണ്ടി ഞാൻ എല്ലാം നിർവഹിക്കും. നിന്നെ ഞാൻ കുളിപ്പിക്കും, ഞാൻ നിന്നെ കഫൻ ചെയ്യും, നിന്റെ മേൽ ഞാൻ നമസ്കരിക്കുകയും നിന്നെ ഞാൻ മറവ് ചെയ്യുകയും ചെയ്യുന്നതാണ്'" (ഇബ്നുമാജ).

ഒരു ജനാസയുടെ കൂടെ നബി(സ്വ) ബക്വീഇലേക്ക് പോയി. തിരിച്ചുവരുന്ന സമയത്ത് നബി(സ്വ)ക്ക് തലവേദന തുടങ്ങി. വീട്ടിൽ എത്തി. ആഇശ(റ)യുടെ അടുത്ത് ചെന്നപ്പോൾ അവരും തലവേദനയാൽ പുളയുകയാണ്. നബി(സ്വ) ആ സന്ദർഭത്തിൽ തന്റെ തലവേദനയെ സംബന്ധിച്ചും പറഞ്ഞു. അതോടൊപ്പം മരണത്തെ ഓർമപ്പെടുത്തുകയും ചെയ്തു.

ഭാര്യ മരിച്ചാൽ ഭർത്താവിന് അവളുടെ മയ്യിത്ത് കാണാൻ പോലും പാടില്ലെന്ന് വിശ്വസിക്കുന്നവർ നമ്മുടെ നാട്ടിലുണ്ടായിരുന്നു. മരണത്തോടുകൂടി ത്വലാക്വ് സംഭവിച്ചു എന്നായിരുന്നു അത്തരക്കാർ വിശ്വസിച്ചിരുന്നത്. അപ്പോൾ മരണം നടന്നാൽ ഭാര്യയും ഭർത്താവും തമ്മിൽ അന്യരായി മാറും! അന്യസ്ത്രീയെ നോക്കാൻ പാടില്ലല്ലോ. ഇങ്ങനെയായിരുന്നു അവരുടെ വിശ്വാസവും ചിന്താഗതിയും. ഇത് ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണ് എന്നത് മേൽകൊടുത്ത പ്രവാചകവചനത്തിൽനിന്നും വ്യക്തമാണ്. മരണത്തിന് ശേഷം ഭാര്യക്ക് ഭർത്താവിനെയും ഭർത്താവിന് ഭാര്യയെയും കുളിപ്പിക്കാം. എന്നാൽ ഒരു പുരുഷനെ ഭാര്യയല്ലാത്ത മറ്റൊരു സ്ത്രീയും കുളിപ്പിക്കരുത്. ഒരു സ്ത്രീയെ ഭർത്താവല്ലാത്ത ഒരു പുരുഷനും കുളിപ്പിക്കരുത്. മയ്യിത്ത് കുളിപ്പിക്കാനുള്ള ധൈര്യവും അറിവും കഴിവും ഉണ്ടെങ്കിൽ ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കുളിപ്പിക്കൽ തന്നെയാണ് ഉത്തമം. തന്റെ ഇണയുടെ സ്വകാര്യതകൾ മറ്റുള്ളവർക്ക് വിട്ടു നൽകേണ്ടതില്ലല്ലോ.

**രോഗം കഠിനമാകുന്നു**

പിന്നീടുള്ള ദിവസങ്ങളിൽ നബി(സ്വ)ക്ക് തലവേദന കഠിനമാകാൻ തുടങ്ങി. കൂടെ പനിയും ഉണ്ടായിരുന്നു. വേദന സഹിക്കാൻ സാധിക്കാത്തതിനാൽ അവിടുന്ന് ഒരു തുണി നനച്ച് കെട്ടുകപോലും ചെയ്തിരുന്നു. ആ തുണിക്കഷ്ണത്തിൽ കൈവെച്ചാൽ അതിനെയും ഭേദിച്ചുകൊണ്ട് അവിടുത്തെ ചൂട് ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നു എന്ന് സ്വഹാബിമാർ പറയുന്നുണ്ട്.

ഓരോദിവസം കഴിയുമ്പോഴും രോഗം മൂർഛിച്ചുകൊണ്ടേയിരുന്നു. അങ്ങനെ അവിടുന്ന് മയ്മൂന(റ)യുടെ വീട്ടിലായിരിക്കെ അവിടുത്തേക്ക് വല്ലാത്ത വിഷമം. അപ്പോൾ എല്ലാ ഭാര്യമാരെയും അവിടേക്ക് വിളിപ്പിച്ചു.

"അങ്ങനെ അവിടുന്ന് തന്റെ ഭാര്യമാരോട് അവരുടെ (ആഇശയുടെ) വീട്ടിൽ കിടക്കാൻ അനുവാദം ചോദിച്ചു. അവർ അവിടുത്തേക്ക് അനുവാദം നൽകുകയും ചെയ്തു. അവർ പറയുന്നു: 'എന്നിട്ട് അവിടുന്ന് ഒരു കൈ ഫദ്ൽ ഇബ്നു അബ്ബാസിന്റെയും ഒരു കൈ വേറൊരാളുടെയും മേലായി വെച്ച് പുറപ്പെട്ടു. അവിടുത്തെ കാലുകൾ നിലത്ത് വരച്ചുകൊണ്ടായിരുന്നു (പോയിരുന്നത്)" (മുസ്‌ലിം).

നബി(സ്വ) എല്ലാ ഭാര്യമാരെയും  മയ്മൂന(റ)യുടെ വീട്ടിൽ വിളിച്ചുവരുത്തി. ആഇശ(റ)യുടെ അടുക്കൽ കിടക്കാൻ അവരോട് എല്ലാവരോടും അനുവാദം ചോദിച്ചു. അവർ ചെറുപ്പക്കാരിയാണല്ലോ. വേണ്ട രൂപത്തിൽ പരിചരിക്കുവാനും പിൽക്കാലത്ത് സമൂഹത്തിന് അറിവ് പകരാനും കഴിവുള്ള മഹതിയാണവർ. ഓരോ ദിവസവും ഓരോ ഭാര്യയുടെ വീട്ടിലേക്ക് കഠിനമായ പനിയും തലവേദനയും ഉള്ളപ്പോൾ മാറി മാറി പോകൽ അവിടുത്തേക്ക് വലിയ വിഷമമായിരുന്നു. അതിനാൽ സ്ഥിരമായി ഒരേ വീട്ടിൽ കഴിയാനായിരുന്നു നബി(സ്വ) അവരോട് അനുവാദം ചോദിച്ചത്. അവിടുന്ന് ഓരോ ദിവസവും ചോദിക്കും: "ഇന്ന് എവിടെയാണ് ഞാൻ? നാളെ എവിടെയാണ് ഞാൻ?" (ബുഖാരി).

നബി (സ്വ)യുടെ ഓരോ ദിവസത്തെയും ചോദ്യത്തിൽ നിന്ന്

**ഭാര്യ മരിച്ചാൽ ഭർത്താവിന് അവളുടെ മയ്യിത്ത് കാണാൻ പോലും പാടില്ലെന്ന് വിശ്വസിക്കുന്നവർ നമ്മുടെ നാട്ടിലുണ്ടായിരുന്നു. മരണത്തോടുകൂടി ത്വലാക്വ് സംഭവിച്ചു എന്നായിരുന്നു അത്തരക്കാർ വിശ്വസിച്ചിരുന്നത്. അപ്പോൾ മരണം നടന്നാൽ ഭാര്യയും ഭർത്താവും തമ്മിൽ അന്യരായി മാറും! അന്യസ്ത്രീയെ നോക്കാൻ പാടില്ലല്ലോ. ഇങ്ങനെയായിരുന്നു അവരുടെ വിശ്വാസവും ചിന്താഗതിയും. ഇത് ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണ് എന്നത് പ്രവാചക വചനത്തിൽ നിന്നും വ്യക്തമാണ്. മരണത്തിന് ശേഷം ഭാര്യക്ക് ഭർത്താവിനെയും ഭർത്താവിന് ഭാര്യയെയും കുളിപ്പിക്കാം. എന്നാൽ ഒരു പുരുഷനെ ഭാര്യയല്ലാത്ത മറ്റൊരു സ്ത്രീയും കുളിപ്പിക്കരുത്. ഒരു സ്ത്രീയെ ഭർത്താവല്ലാത്ത ഒരു പുരുഷനും കുളിപ്പിക്കരുത്. മയ്യിത്ത് കുളിപ്പിക്കാനുള്ള ധൈര്യവും അറിവും കഴിവും ഉണ്ടെങ്കിൽ ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കുളിപ്പിക്കൽ തന്നെയാണ് ഉത്തമം. തന്റെ ഇണയുടെ സ്വകാര്യതകൾ മറ്റുള്ളവർക്ക് വിട്ടു നൽകേണ്ടതില്ലല്ലോ.**

**രോഗം വന്നാൽ രണ്ട് രൂപത്തിലുള്ള ചികിത്സകളാണ് നമുക്ക് മുമ്പിൽ ഉള്ളത്. ഒന്ന്, ആത്മീയമായ മന്ത്രങ്ങളും പ്രാർഥനകളും. മറ്റേത് ഭൗതികമായ മരുന്നുകൾകൊണ്ടുള്ളത്. ഇസ്‌ലാമിക മന്ത്രത്തെയും ചികിത്സയെയും തള്ളുകയും നിഷേധിക്കുകയും ചെയ്ത് ചിലർ സമൂഹത്തിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അടുത്ത കാലത്തായിട്ടാണ് അതെല്ലാം നിങ്ങൾ അംഗീകരിക്കാൻ തുടങ്ങിയത് എന്ന് പറയുന്നവരും മന്ത്രങ്ങളും ആത്മീയ ചികിത്സയും മൊത്തം അന്ധവിശ്വാസമാണെന്നു പറഞ്ഞ് നിഷേധിക്കുന്നവരും മുഹമ്മദ് അമാനി മൗലവി(റഹി)യുടെ തഫ്‌സീറിൽനിന്ന് ചില ഭാഗങ്ങൾ കാണുക: "റസൂൽ തിരുമേനി(സ്വ) ചരമം പ്രാപിച്ച രോഗത്തിൽ അവിടുന്ന് ഇഖ്‌ലാസ്, ഫലക്വ്, നാസ് എന്നീ സൂറത്തുകൾ ഓതി ദേഹത്തിൽ ഊതിയിരുന്നുവെന്നും, രോഗം ശക്തിപ്രാപിച്ചപ്പോൾ താൻ അവ ഓതി തിരുമേനിയുടെ കൈയിൽ ഊതി ആ കൈകൊണ്ട് തടവിക്കൊടുക്കാറുണ്ടായിരുന്നുവെന്നും ആഇശ(റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയിരിക്കുന്നു.''**

ആഇശ(റ)യുടെ കൂടെ ഇനിയുള്ള ദിവസങ്ങൾ കഴിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നു എന്ന് ഭാര്യമാർക്ക് മനസ്സിലായി. അവരെല്ലാവരും അതിന് അനുവാദം നൽകുകയും ചെയ്തു. എല്ലാവരും പറഞ്ഞു: "ഇനിയുള്ള ദിനങ്ങൾ നിങ്ങൾ മാറി മാറി താമസിക്കേണ്ടതില്ല. അങ്ങയുടെ ഇഷ്ടം പോലെ ആഇശയുടെ കൂടെ കഴിഞ്ഞോളൂ." അവരുടെ അനുവാദം ലഭിച്ചപ്പോൾ അവിടുന്ന് മയ്മൂന(റ)യുടെ വീട്ടിൽനിന്നും ആഇശ(റ)യുടെ വീട്ടിലേക്ക് പുറപ്പെട്ടു. ആ പോക്ക് തന്നെ അവിടുത്തെ ക്ഷീണം നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. രണ്ടാളുകളുടെ തോളിൽ പിടിച്ച് തൂങ്ങിയായിരുന്നു നബി(സ്വ) പോയിരുന്നത്. ഒറ്റക്ക് നടക്കാനുള്ള ആരോഗ്യം നഷ്ടപ്പെട്ടിരിക്കുന്നു. വേദന സഹിക്കാൻ പറ്റാത്തതായിരിക്കുന്നു.

നബി(സ്വ)യുടെ കുടുംബജീവിതത്തിലെ മാതൃക നാം മനസ്സിലാക്കാതെ പോകരുത്. അവിടുന്ന് അവസാന സമയത്ത് പോലും തന്റെ ഇഷ്ടത്തിന് വിട്ടുകൊടുക്കാതെ ഭാര്യമാരുടെ ന്യായമായ അവകാശത്തെ പരിഗണിച്ചു. അങ്ങനെ അവരുടെ സമ്മതത്തോടെയാണ് ആഇശ(റ)യുടെ കൂടെ അവസാനനാളുകളിൽ ജീവിക്കാൻ തീരുമാനിക്കുന്നത്.

### രോഗശമനത്തിനായി പ്രാർഥിക്കുന്നു

നബി(സ്വ)യുടെ അവസാന ദിവസങ്ങളിൽ ഉണ്ടായ ചില കാര്യങ്ങൾ വിശ്വാസികളുടെ മാതാവ് നമുക്ക് പറഞ്ഞുതരുന്നത് കാണുക:

"തീർച്ചയായും അല്ലാഹുവിന്റെ റസൂലി(സ്വ)ന് വേദന വന്നാൽ അവിടുന്ന് മുഅവ്വിദാത്ത് (സൂറതുന്നാസ്, സൂറതുൽ ഫലക്, സൂറതുൽ ഇഖ്‌ലാസ്) കൊണ്ട് അവിടുത്തെ ശരീരത്തിൽ ഓതുകയും ഊതുകയും ചെയ്യുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന് വേദന കഠിനമായപ്പോൾ ഞാൻ ഓതുകയും അവിടുത്തെ കൈകൊണ്ട് അതിന്റെ ബറകത്ത് പ്രതീക്ഷിച്ച് അവിടുത്തെ തടവുകയും ചെയ്യുമായിരുന്നു" (അഹ്മദ്).

നബി(സ്വ)ക്ക് വല്ല വേദനയും ഉണ്ടായാൽ സൂറതുൽഫലക്വും സൂറതുന്നാസും ഓതി ഊതി ശരീരത്തിൽ തടവുമായിരുന്നു. നബി(സ്വ)ക്ക് രോഗം കഠിനമാകുകയും സ്വന്തമായി അത് ചെയ്യാൻ കഴിയാതെ വരികയും ചെയ്തപ്പോൾ ആഇശ (റ) അവിടുത്തെ കൈകളിലേക്ക് ഓതുകയും ഊതുകയും ചെയ്ത് അവിടുത്തെ കൈകൾ കൊണ്ടുതന്നെ അവിടുത്തെ ശരീരം തടവിക്കൊടുത്തു.

രോഗം വന്നാൽ രണ്ട് രൂപത്തിലുള്ള ചികിത്സകളാണ് നമുക്ക് മുമ്പിൽ ഉള്ളത്. ഒന്ന്, ആത്മീയമായ മന്ത്രങ്ങളും പ്രാർഥനകളും. മറ്റേത് ഭൗതികമായ മരുന്നുകൾകൊണ്ടുള്ളത്.

ഇസ്‌ലാമിക മന്ത്രത്തെയും ചികിത്സയെയും തള്ളുകയും നിഷേധിക്കുകയും ചെയ്ത് ചിലർ സമൂഹത്തിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അടുത്ത കാലത്തായിട്ടാണ് അതെല്ലാം നിങ്ങൾ അംഗീകരിക്കാൻ തുടങ്ങിയത് എന്ന് പറയുന്നവരും മന്ത്രങ്ങളും ആത്മീയ ചികിത്സയും മൊത്തം അന്ധവിശ്വാസമാണെന്നു പറഞ്ഞ് നിഷേധിക്കുന്നവരും മുഹ



മ്മദ് അമാനി മൗലവി(റഹി)യുടെ തഫ്സീറിൽനിന്ന് ചില ഭാഗങ്ങൾ കാണുക:

"റസൂൽ തിരുമേനി(സ്വ) ചരമം പ്രാപിച്ച രോഗത്തിൽ അവിടുന്ന് ഇഖ്‌ലാസ്, ഫലക്, നാസ് എന്നീ സൂറത്തുകൾ ഓതി ദേഹത്തിൽ ഊതിയിരുന്നുവെന്നും, രോഗം ശക്തിപ്രാപിച്ചപ്പോൾ താൻ അവ ഓതി തിരുമേനിയുടെ കൈയിൽ ഊതി ആ കൈകൊണ്ട് തടവിക്കൊടുക്കാറുണ്ടായിരുന്നുവെന്നും ആഇശ(റ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയിരിക്കുന്നു."

രോഗികളെ ഈ സൂറത്തുകൾ ഓതി മന്ത്രിക്കാമെന്ന് ഇതിൽനിന്ന് വ്യക്തമാണ്. അനുവദനീയമെന്നും അനുവദനീയമല്ലാത്തതെന്നും വ്യത്യാസം കാണാതെ, ഇസ്‌ലാമിൽ മന്ത്രത്തിനു സ്ഥാനമേ ഇല്ലെന്ന് ചിലർ പറയാറുള്ളത് ശരിയല്ലെന്ന് ഈ ഹദീസും ഇതുപോലെയുള്ള മറ്റു പല ഹദീസുകളും സംശയത്തിന്നിടയില്ലാത്തവിധം സ്പഷ്ടമാക്കുന്നു. ഹദീസുകളിൽ വന്നിട്ടുള്ള മന്ത്രങ്ങൾ പരിശോധിച്ചാൽ അവയെല്ലാം കേവലം അല്ലാഹുവിനോടുള്ള പ്രാർഥനകളാണെന്ന് കാണാവുന്നതാണ്.

സൂറത്തുൽ ഫലക്, സൂറത്തുന്നാസ് എന്നിവകൊണ്ടുള്ള തേട്ടമാണ് കൂടുതൽ നല്ലത്. ഇവയല്ലാത്തതുകൊണ്ടുള്ള ശരണം തേടലും ഉണ്ടായിട്ടുണ്ട് താനും. എല്ലാവിധ കെടുതികളിൽനിന്നുമുള്ള രക്ഷതേടൽ മൊത്തത്തിലും വിശദരൂപത്തിലും ഈ രണ്ടു സൂറത്തുകളിൽ അടങ്ങിയിട്ടുണ്ട്.

മൂന്ന് നിബന്ധനകൾ ഒത്തുവന്നാൽ മന്ത്രങ്ങൾക്കു വിരോധമില്ലെന്നുള്ളതിൽ പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു. 1) അല്ലാഹുവിന്റെ വാക്യമോ അവന്റെ നാമങ്ങളോ അവന്റെ ഗുണവിശേഷണങ്ങളോ കൊണ്ടായിരിക്കുക. 2) അറബി ഭാഷയിലോ അർഥം അറിയാവുന്ന മറ്റു ഭാഷയിലോ ആയിരിക്കുക. 3) ഫലം ചെയ്യുവാൻ സ്വയം ശക്തിയില്ല, അല്ലാഹു മാത്രമാണ് ഫലം നൽകുന്നവൻ എന്ന വിശ്വാസം ഉണ്ടായിരിക്കുക.

ഹസൻ(റ), ഹുസൈൻ(റ) എന്നിവർക്കുവേണ്ടി നബി(സ്വ) ഇപ്രകാരം ശരണം തേടിയിരുന്നതായി ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചിരിക്കുന്നു:

"എല്ലാ പിശാചിൽനിന്നും, എല്ലാ വിഷജന്തുക്കളിൽനിന്നും, ദുഷ്ടകണ്ണുകളിൽനിന്നും അല്ലാഹുവിന്റെ പരിപൂർണ വചനങ്ങൾ മുഖേന ഞാൻ നിങ്ങൾക്ക് ശരണം തേടുന്നു." എന്നിട്ട് തിരുമേനി ഇങ്ങനെ പറയുകയും ചെയ്തിരുന്നു: "നിങ്ങളുടെ പിതാവ് ഇബ്‌റാഹീം(അ) മക്കളായ ഇസ്മാഈലിനും ഇസ്ഹാക്വിനും ഇപ്രകാരം ശരണം തേടിയിരുന്നു" (ബുഖാരി).

നബി(സ്വ) രോഗികളെ മന്ത്രിച്ചിരുന്ന ഒരു പ്രാർഥന ഇതാണ്:

"ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, നീ രോഗത്തെ നീക്കിക്കളയേണമേ. നീ അതിന് ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ. നീ നൽകുന്ന ശമനമല്ലാതെ മറ്റൊരു ശമനമില്ല, യാതൊരു പ്രയാസവും അവശേഷിക്കാത്ത ശമനം" (ബുഖാരി, മുസ്‌ലിം)."

ശരിയായ അറിവ് കരസ്ഥമാക്കുകയും ആ അറിവനുസരിച്ച് ജീവിക്കുകയും ചെയ്യലാണ് ബുദ്ധിയുള്ളവരുടെ അടയാളം. സലഫികൾക്ക് മന്ത്രത്തോടുള്ള സമീപനം എന്താണെന്നും ഏത് വിധത്തിലുള്ള മന്ത്രങ്ങളെയാണ് സലഫികൾ എതിർക്കുന്നത് എന്നതും അമാനി മൗലവി(റ)യുടെ വിവരണത്തിൽനിന്നും വ്യക്തമാണല്ലോ.

നബി(സ്വ)ക്ക് ഓരോ ദിവസവും രോഗം ശക്തമായിക്കൊണ്ടേയിരുന്നു. ക്ഷീണവും വേദനയും വർധിക്കുന്നു. ആഇശ(റ) പറയുകയാണ്: "അല്ലാഹുവിന്റെ റസൂലി(സ്വ)നെക്കാൾ കഠിനമായ വേദനയുണ്ടായ ഒരാളെ ഞാൻ കണ്ടിട്ടില്ല."

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(റ) നബി(സ്വ)യെ സന്ദർശിക്കാൻ വേണ്ടി ചെന്ന സന്ദർഭം വിശദീകരിക്കുന്നത് കാണുക:

"അവിടുന്ന് കഠിനമായ വേദനയിലായിരിക്കവെ ഞാൻ അല്ലാഹു



**അവസാന സമയത്തും തന്റെ ഉറ്റസുഹൃത്തായ അബൂബക്റി(റ)ന്റെ മേന്മയും അടുപ്പവും നബി (സ്വ) സ്വഹാബിമാരെ ഉണർത്തുകയായിരുന്നു. മദീനാ പള്ളിയിലേക്ക് ഓരോ സ്വഹാബിക്കും വരുന്നതിനായി നബി(സ്വ) ചെറിയ വഴികൾ നിശ്ചയിച്ചിരുന്നു. അതെല്ലാം അടച്ചുകളയാൻ കൽപിച്ചെങ്കിലും അബൂബക്റി(റ)നായി നബി(സ്വ) നിശ്ചയിച്ച വഴി അടക്കരുതെന്ന് പ്രത്യേകം എടുത്തുപറഞ്ഞതിലൂടെ തന്റെ കാലശേഷം അബൂബക്ർ(റ) ആയിരിക്കണം തന്റെ പിൻഗാമി എന്ന് സൂചിപ്പിക്കുകയായിരുന്നു.**

വിന്റെ റസൂലി(സ്വ)ന്റെ അരികിൽ പ്രവേശിക്കുകയുണ്ടായി. എന്നിട്ട് ഞാൻ എന്റെ കൈകൊണ്ട് അവിടുത്തെ തൊട്ടുനോക്കി. എന്നിട്ട് ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും അവിടുത്തേക്ക് ശക്തമായ വേദനയുണ്ടല്ലോ.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'അതെ, നിങ്ങളിൽ രണ്ടാൾ വേദനിക്കുന്നത് പോലെ ഞാൻ വേദന സഹിക്കുന്നുണ്ട്.' അപ്പോൾ ഞാൻ ചോദിച്ചു: 'അതിന് അങ്ങേക്ക് രണ്ട് പ്രതിഫലവും ഉണ്ടാകില്ലേ?' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'അതെ.' പിന്നീട് അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'ഒരു മുസ്‌ലിമിനെയും ഒരു വേദനയോ രോഗമോ അതല്ലാത്തതോ ബാധിക്കുന്നില്ല; മരങ്ങൾ അതിന്റെ ഇലകൾ പൊഴിക്കുന്നതുപോലെ അല്ലാഹു അവന്റെ തിന്മകൾ മായ്ച്ചുകളയാതെയല്ലാതെ" (ബുഖാരി).

നബി(സ്വ) ഇസ്‌ലമികമായ കാര്യങ്ങൾ അനുചരന്മാരെ പഠിപ്പിക്കുവാൻ ഒരു അവസരവും പാഴാക്കിയിരുന്നില്ല. ശക്തമായ വേദനയും പനിയും ബാധിച്ച് കിടക്കുമ്പോഴും അവിടുന്ന് സ്വഹാബത്തിന് ക്ഷമയുടെയും സഹനത്തിന്റെയും മഹത്വം പഠിപ്പിക്കുന്നതാണ് ഇവിടെ നാം കാണുന്നത്. വേദനകളും രോഗങ്ങളും പിടിപെടുമ്പോൾ അക്ഷമയും അസഹ്യതയും കാണിക്കുന്ന ആളുകൾക്ക് നബി(സ്വ) തന്റെ അവസാന സമയത്തും ആശ്വാസത്തിന്റെ സന്ദേശം കൈമാറുന്നു. രോഗികൾക്കും മറ്റു പ്രയാസങ്ങൾ അനുഭവിക്കുന്നവർക്കും സമാധാനവും ആശ്വാസവും നൽകുന്ന സമാധാനത്തിന്റെ സന്ദേശമാണിത്.

ആഇശ(റ) പറഞ്ഞു: "നബി (സ്വ) അവരുടെ വീട്ടിൽ പ്രവേശിക്കുകയും വേദന കഠിനമാകുകയും ചെയ്ത ശേഷം പറഞ്ഞു: 'നിങ്ങൾ എന്റെമേൽ കെട്ടഴിക്കാത്ത ഏഴ് തോൽപാത്രങ്ങളിൽ നിന്നുള്ള (വെള്ളം) ഒഴിക്കുവീൻ. എനിക്ക് ജനങ്ങളോട് ഇടപെടാൻ സാധിച്ചേക്കാം.' അവർ പറഞ്ഞു: 'അപ്പോൾ നബി(സ്വ)യുടെ ഭാര്യയായ ഹഫ്സ്വ(റ)ക്ക് ഉണ്ടായിരുന്ന ഒരു പാത്രത്തിൽ അദ്ദേഹത്തെ ഞങ്ങൾ ഇരുത്തി. പിന്നീട് ഞങ്ങൾ അദ്ദേഹത്തിന്റെ മേൽ അതിൽനിന്നും ഒഴിച്ചുകൊണ്ടിരുന്നു. (അങ്ങനെ) ഞങ്ങളിലേക്ക് അവിടുന്ന് (ഇപ്രകാരം പറയുന്നതായി) ആംഗ്യം കാണിക്കുന്നതുവരെ (തുടർന്നു): '(ഞാൻ പറഞ്ഞത് പോലെ) നിങ്ങൾ ചെയ്തിരിക്കുന്നു.' അവർ പറഞ്ഞു: 'അവിടുന്ന് ജനങ്ങളിലേക്ക് പുറപ്പെട്ടു. അങ്ങനെ അവിടുന്ന് അവരെയുംകൊണ്ട് നമസ്കരിക്കുകയും അവരോട് പ്രസംഗിക്കുകയും ചെയ്തു" (ബുഖാരി).

ഏഴ് വ്യത്യസ്തമായ കിണറുകളിൽനിന്നായി ഏഴ് തോൽപാത്രത്തിൽ ശേഖരിച്ചുവെച്ചിട്ടുള്ള വെള്ളമുണ്ടായിരുന്നു. ആ വെള്ളം അവിടുത്തെ ശരീരത്തിൽ ഒഴിക്കാനായിരുന്നു അവിടുന്ന് നിർദേശം നൽകിയത്. ഏഴ് തോൽപാത്രത്തിൽനിന്ന് വെള്ളം ഒഴിക്കാൻ അവിടുന്ന് കൽപിച്ചതിന്റെ ഉദ്ദേശ്യം എന്താണെന്ന് നമുക്ക് അറിയില്ല. ദിവസങ്ങളായി രോഗത്താൽ അനുചരന്മാരിലേക്ക് ഇറങ്ങാനോ അവരോട് സംസാരിക്കാനോ സാധിക്കാത്ത വിഷമത്തിലാണ് റസൂൽ(സ്വ). ഹഫ്സ്വ(റ)യുടെ വീട്ടിൽ ഒരാൾക്ക് ഇറങ്ങിയിരിക്കാൻ പാകത്തിലുള്ള ഒരു പാത്രം ഉണ്ടായിരുന്നു. അതിലേക്ക് അവർ നബി (സ്വ)യെ ഇറക്കിയിരുത്തി. ശേഷം അവർ അവിടുത്തെ ദേഹത്തിലേക്ക് വെള്ളം ഒഴിച്ചുകൊടുത്തു. അന്നേരം നബി(സ്വ)ക്ക് അൽപം ആശ്വാസം ലഭിച്ചു. പിന്നീട് അവിടുന്ന് ജനങ്ങളിലേക്ക് പുറപ്പെടുകയും അവരുടെ കൂടെ നമസ്കരിക്കുകയും അവരോട് ഒരു പ്രസംഗം നടത്തുകയും ചെയ്തു.

**അൻസ്വാറുകൾക്ക് നബി(സ്വ)യുടെ അടുത്ത് വലിയ സ്ഥാനമുണ്ടായിരുന്നു. അവരോട് കൽപിക്കപ്പെട്ടതെല്ലാം അവർ ഭംഗിയായി നിർവഹിച്ചു. ഇനി അവരെ സ്നേഹിക്കലും മറ്റും അവർക്ക് മറ്റുള്ളവരിൽനിന്നു ലഭിക്കേണ്ടുന്നതാണ്. നബി(സ്വ)യുടെ കാലശേഷം അവരുമായി ബന്ധപ്പെട്ട വല്ല പ്രശ്നവും വന്നാൽ അവരിലെ നല്ലവരെ സ്വീകരിക്കുകയും അവരിൽ വല്ല പിഴവും സംഭവിച്ചാൽ അവർക്ക് മാപ്പ് നൽകുകയും ചെയ്യണം എന്നതായിരുന്നു നബി(സ്വ)യുടെ ഉപദേശം.**

പ്രസംഗത്തിൽ പല കാര്യങ്ങളും സ്വഹാബിമാരോട് നബി (സ്വ) ഉണർത്തി. ഞാൻ നിങ്ങളോട് വിടപറയുകയാണ് എന്നത് ആ പ്രസംഗത്തിൽ അവിടുന്ന് അവർക്ക് സൂചന നൽകി. ആ സന്ദർഭത്തിലാണ് നബി(സ്വ) ഇപ്രകാരം പറഞ്ഞത്: "തീർച്ചയായും അല്ലാഹു അടിമക്ക് ദുൻയാവിന്റെയും അവന്റെ പക്കൽ ഉള്ളതിന്റെയും ഇടയിലുള്ളത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി. അപ്പോൾ (അടിമ) അല്ലാഹുവിന്റെ അടുക്കലുള്ളതിനെ തെരഞ്ഞെടുത്തു."

ആ സന്ദർഭത്തിൽ അബൂബക്ർ (റ) കരഞ്ഞുപോയി. കാരണം, അദ്ദേഹത്തിന് നബി(സ്വ)യുടെ സംസാരത്തിന്റെ രഹസ്യം മനസ്സിലായിരുന്നു. നബി(സ്വ) തന്റെ കാലശേഷം ആരായിരിക്കണം ഖലീഫ എന്നതിലേക്കും ആ പ്രസംഗത്തിൽ സ്വഹാബിമാർക്ക് സൂചന നൽകി.

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ (സ്വ) മരണപ്പെട്ടതായ രോഗത്തിൽ (ആയിരിക്കെ) അവിടുത്തെ തല ഒരു നനഞ്ഞ തുണികൊണ്ട് കെട്ടിയ രൂപത്തിൽ പുറപ്പെട്ടു. അങ്ങനെ അവിടുന്ന് മിമ്പറിൽ ഇരുന്നു. എന്നിട്ട് അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തു. പിന്നീട് പറഞ്ഞു: 'അബൂബക്ർ ഇബ്നു അബീഖുഹാഫയോളം തന്റെ സമ്പത്തിനെക്കാളും ശരീരത്തെക്കാളും എന്നോട് അനുഗ്രഹം ചെയ്ത ഒരാളുമില്ല. ജനങ്ങളിൽനിന്നും ഒരാളെ ഞാൻ ഉറ്റമിത്രമായി സ്വീകരിക്കുമായിരുന്നെങ്കിൽ അബൂബക്റിനെ ഞാൻ ഉറ്റമിത്രമായി സ്വീകരിക്കുമായിരുന്നു. പക്ഷേ, ഇസ്‌ലാമിന്റെ സഹോദര്യം ഏറ്റവും ശ്രേഷ്ഠമാണ്. (അതിനാൽ) അബൂബക്റിന്റെ ചെറുവഴി ഒഴികെ ഈ പള്ളിയിലേക്കുള്ള എല്ലാ ചെറുവഴികളും അടച്ചുകളയുവിൻ" (അഹ്മദ്).

അവസാന സമയത്തും തന്റെ ഉറ്റസുഹൃത്തായ അബൂബക്റി(റ)ന്റെ മേന്മയും അടുപ്പവും നബി(സ്വ) സ്വഹാബിമാരെ ഉണർത്തുകയായിരുന്നു. മദീനാ പള്ളിയിലേക്ക് ഓരോ സ്വഹാബിക്കും വരുന്നതിനായി നബി(സ്വ) ചെറിയ വഴികൾ നിശ്ചയിച്ചിരുന്നു. അതെല്ലാം അടച്ചുകളയാൻ കൽപിച്ചെങ്കിലും അബൂബക്റി(റ)നായി നബി(സ്വ) നിശ്ചയിച്ച വഴി അടക്കരുതെന്ന് പ്രത്യേകം എടുത്തുപറഞ്ഞതിലൂടെ തന്റെ കാലശേഷം അബൂബക്ർ(റ) ആയിരിക്കണം തന്റെ പിൻഗാമി എന്ന് സൂചിപ്പിക്കുകയായിരുന്നു.

അൻസ്വാറുകളായ സ്വഹാബിമാരുടെ കാര്യത്തിലും നബി(സ്വ) പ്രത്യേകം ഉപദേശിച്ചു. മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റ വന്ന സ്വഹാബിമാരെ ആത്മാർഥമായി സ്വീകരിച്ചവരാണ് അൻസ്വാറുകൾ. അവർക്കുള്ള സ്ഥാനവും മഹത്ത്വവും വ്യക്തമാക്കുന്ന ഹദീസുകൾ കാണാവുന്നതാണ്. എല്ലാ സ്വഹാബിമാരെയും സ്നേഹിക്കേണ്ടതുണ്ട്. ഒരു സ്വഹാബിയെയും ചീത്തപറയുവാനോ ആക്ഷേപിക്കുവാനോ പാടില്ല. അപ്രകാരം ചെയ്യുന്നവർക്ക് അല്ലാഹുവിന്റെയും മലക്കുകളുടെയും ശാപമുണ്ടായിരിക്കുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അൻസ്വാറുകളുടെ കാര്യത്തിൽ അവിടുന്ന് വസ്വിയ്യത്ത് നൽകുന്നത് കാണുക:

"അൻസ്വാറുകളുടെ കാര്യത്തിൽ ഞാൻ നിങ്ങൾക്ക് വസ്വിയ്യത്ത് നൽകുന്നു. തീർച്ചയായും അവർ എന്റെ സ്വന്തക്കാരും സൂക്ഷിപ്പുകാരുമാകുന്നു. അവരുടെ മേലുള്ള (കടമകൾ) അവർ നിറവേറ്റിയിട്ടുണ്ട്. അവർക്കു ലഭിക്കാനുള്ളത് ബാക്കിയാകുകയും ചെയ്തിരിക്കുന്നു. അതിനാൽ അവരിലെ സുകൃതവാന്മാരെ നിങ്ങൾ സ്വീകരിക്കുകയും അവരിലെ പിഴവുകാരെ നിങ്ങൾ വിട്ടുകൊടുക്കുകയും ചെയ്യുവിൻ" (ബുഖാരി).

അൻസ്വാറുകൾക്ക് നബി(സ്വ)യുടെ അടുത്ത് വലിയ സ്ഥാനമുണ്ടായിരുന്നു. അവരോട് കൽപിക്കപ്പെട്ടതെല്ലാം അവർ ഭംഗിയായി നിർവഹിച്ചു. ഇനി അവരെ സ്നേഹിക്കലും മറ്റും അവർക്ക് മറ്റുള്ളവരിൽനിന്നു ലഭിക്കേണ്ടുന്നതാണ്. നബി(സ്വ)യുടെ കാലശേഷം അവരുമായി ബന്ധപ്പെട്ട വല്ല പ്രശ്നവും വന്നാൽ അവരിലെ നല്ലവരെ സ്വീകരിക്കുകയും അവരിൽ വല്ല പിഴവും സംഭവിച്ചാൽ അവർക്ക് മാപ്പ് നൽകുകയും ചെയ്യണം എന്നതായിരുന്നു നബി(സ്വ)യുടെ ഉപദേശം.

*(തുടരും)*




# മഴക്കാലത്തെ വറുതികൾ

ഇബ്നു അലി എടത്തനാട്ടുകര
: 94461 51577

മഴനൂലുകൾ പെയ്തിറങ്ങിക്കൊണ്ടിരിക്കുന്നു. വെളിച്ചത്തിന് തെളിച്ചം കുറവുണ്ട്. തോരാതെ പെയ്യുന്ന മഴയും ഇരുണ്ട കാലാവസ്ഥയും പണ്ട് ദാരിദ്ര്യത്തിന്റെ കൂടി സൂചകമായിരുന്നു. പാതവക്കിൽനിന്ന് താളും തവരയും ഒടിച്ചു 'പടുകൂട്ടാൻ' വെച്ച് കുടുംബത്തിലെ പട്ടിണി മാറ്റിയിരുന്ന കാലം പഴയതലമുറ മറന്നിട്ടുണ്ടാവില്ല. പുതുതലമുറ അങ്ങനെയൊരു കാലമോ എന്ന് അതിശയപ്പെടുകയും ചെയ്തേക്കും.

ഇന്ന് മഴക്കാലം പട്ടിണിക്കാരാക്കുന്നവരുണ്ടോ എന്ന് ചിന്തിച്ചാൽ ഇല്ല എന്ന് ഒരുപക്ഷേ തോന്നിയേ ക്കാം. എന്നാൽ അത്തരക്കാരുണ്ട് എന്ന് സാമൂഹ്യസേവന രംഗത്ത് ഇടപെടുന്നവർക്ക് അറിയാം.

പച്ചക്കറിയും കപ്പയും പഴവും വിറ്റ് ജീവസന്ധാരണം നടത്തുന്ന, റോഡരികിലെ കൊച്ചു കച്ചവടക്കാർക്ക് ചിലപ്പോൾ മഴ വില്ലനാണ്. നനയാതെ നിൽക്കാൻ ഇടമില്ല എന്നതാണ് ഒരു പ്രശ്നം. മഴയത്ത് ആരും വാങ്ങാൻ മടിക്കും എന്നത് മറ്റൊന്ന്. അപ്പോൾ മഴയ്ക്കൊപ്പം പട്ടിണിയും അരിച്ചെത്തുന്നു...

ഓഫീസിൽ പോകുന്ന എന്നും കാണുന്ന ഇത്തരമൊരു കച്ചവടക്കാരൻ ഉണ്ട്. നടപ്പാതയിൽ ചെറിയൊരു മേശ വെച്ച് അതിലാണ് സാധനങ്ങൾ വെക്കുന്നത്. മേശയുടെ ഒരുഭാഗത്തേക്ക് അയാൾ മാറി നിന്നില്ലെങ്കിൽ വഴി ബ്ലോക്കാകും. അയാൾ ആരോടും സാധനം വേണോ എന്ന് വിളിച്ച് ചോദിച്ച് ശല്യപ്പെടുത്താറില്ല. അരികിലൂടെ കടന്നുപോകുന്ന എല്ലാവരുടെ മുഖത്തേക്കും അയാൾ കണ്ണുകൾ പായിക്കും, അത്ര മാത്രം!

മഴ അയാളുടെയും താളം തെറ്റിച്ചിരിക്കുന്നു. ഒരു കുടചൂടി നിന്നാൽ പോലും വഴി മുടങ്ങും; അത്ര മേൽ ഇടുങ്ങിയതാണ് നടവഴി. തുള്ളി മുറിയാതെ പെയ്യുന്ന മഴയിൽ മേശയുടെ ഒരു ഭാഗത്ത് നിൽപ്പും ഇരിപ്പുമല്ലാത്ത ഒരവസ്ഥയിൽ അയാളെ കാണാം; അയാളെപ്പോലെ കാലപ്പഴക്കം കൊണ്ട് ദ്രവിച്ച ഒരു മഴക്കോട്ട് ധരിച്ചുകൊണ്ട്. മുന്നിലൂടെ കടന്നുപോകുന്ന ഓരോരുത്തരുടെ മുഖത്തും അയാളുടെ കണ്ണുകളെത്തും. ഒന്നും വാങ്ങുന്നില്ലേ എന്ന ദയനീയത അതിൽ ഉണ്ടാകും. ചുളിഞ്ഞ മുഖവും കുണ്ടിൽ ആഴ്ന്ന നയനങ്ങളും അയാൾ അനുഭവിക്കുന്ന പ്രയാസങ്ങൾ വിളിച്ചോതും.

ജീവിതം ഇങ്ങനെയൊക്കെയാണ്. ഉള്ളവരുടെയും ഇല്ലാത്തവരുടെയും ഒരു സമ്മിശ്ര സാന്നിധ്യം. അത് ആരുടെയും മേന്മയോ മോശമോ അല്ല. സ്രഷ്ടാവ് വിധിച്ചതെന്തോ അത് ലഭിക്കും. പ്രവർത്തിക്കലും പ്രാർഥിക്കലുമാണ് നമുക്ക് ചെയ്യാനുള്ളത്.

സഹായം ആവശ്യമുള്ളവർക്ക് അത് എത്തിക്കുമ്പോഴാണ് ഉള്ളവൻ യഥാർഥത്തിൽ മഹത്വമുള്ളവനാകുന്നത്. സഹായം ആഗ്രഹിക്കുന്നവർ നമുക്ക് ചുറ്റിലും ഉണ്ട് എന്ന തിരിച്ചറിവാണ് പ്രധാനം.



# വൃത്തിയുള്ള സമൂഹം

ഡോ. യാസ്മിൻ എം. അബ്ബാസ്
ആമയൂർ

'വൃത്തി വിശ്വാസത്തിന്റെ പകുതിയാകുന്നു' എന്ന നബി വചനം കേൾക്കാത്തവരുണ്ടാകില്ല. മുസ്‌ലിംകൾ യഥാവിധം ഈ നബിവചനം ഉൾകൊണ്ട് ജീവിക്കുകയാണെങ്കിൽ ഓരോ വ്യക്തിയും അതുവഴി ഓരോ വീടും ശുചിത്വമുള്ളതായി മാറുമായിരുന്നു. ശുചിത്വമുള്ള വ്യക്തികളും കുടുംബങ്ങളുമുണ്ടെങ്കിലേ നാട് ശുചിത്വമുള്ളതായി മാറുകയുള്ളൂ.

**നബി(സ്വ)യുടെ മാതൃക**

അജ്ഞാനകാലത്തെ ഇരുളിലാണ്ട ജനതയെ ഏറ്റവും ഉത്തമ സമൂഹമായി മാറ്റിയെടുക്കത്തക്കവിധം മാതൃകാപരമായിരുന്നു നബി(സ)യുടെ ജീവിതവും അധ്യാപനങ്ങളും. മറ്റെല്ലാ കാര്യത്തിലുമെന്ന പോലെ ശാരീരികശുദ്ധി കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും നബി(സ്വ) സമൂഹത്തെ പഠിപ്പിച്ചു.

മഹാമാരികൾ പിടിപെടാതിരിക്കാൻ കൈകൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഇന്ന് എല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഭക്ഷണം കഴിക്കുന്നതിന് മുമ്പും ശേഷവും കൈ കഴുകാനും ഭക്ഷണശേഷം വായ കഴുകാനും നബി(സ്വ) ഉപദേശിക്കുന്നതായി കാണാം.

ഭക്ഷണത്തിലേക്ക് ഊതാനോ നിശ്വസിക്കാനോ പാടില്ല, പാത്രങ്ങൾ അടച്ചുവെക്കണം എന്നൊക്കെ നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. മലമൂത്ര വിസർജന സമയത്ത് മറ സ്വീകരിക്കുക, ഇരുന്നുകൊണ്ട് നിർവഹിക്കുക, വസ്ത്രം ഉയർത്തിപ്പിടിക്കുക, ശരീരത്തിലേക്കോ വസ്ത്രത്തിലേക്കോ തെറിക്കുന്നത് സൂക്ഷിക്കുക, വഴിയിലോ തണലിലോ കെട്ടിനിൽകുന്ന വെള്ളത്തിലോ വിസർജിക്കാതിരിക്കുക, ഇടതുകൈകൊണ്ട് വൃത്തിയാക്കുക തുടങ്ങിയ ഉപദേശങ്ങൾ വൃത്തിയുടെ പ്രാധാന്യം അറിയിക്കുന്നതാണ്.

ദൈവസ്മരണയോടെ ഉറങ്ങാൻ കിടക്കുവാൻ ഉപദേശിക്കുന്ന പ്രവാചകൻ വിരിപ്പുകൾ കുടയാനും വൃത്തിയോടെ വിരിപ്പിലേക്ക് പ്രവേശിക്കുവാനും ഉറക്കമുണർന്നാൽ കൈയും വായയും വൃത്തിയാക്കുവാനും നിർദേശിക്കുന്നുണ്ട്. ഗുഹ്യരോമം നീക്കം ചെയ്യുക, നഖം മുറിക്കുക തുടങ്ങി വൃത്തിയുടെ സകല പാഠങ്ങളും നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

**മക്കളെ ശുചിത്വബോധമുള്ളവരായി വളർത്തുക**

ഒരു കുട്ടിയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അനുയോജ്യമായ ശുചിത്വ ശീലങ്ങൾ നാം അവരിൽ വളർത്തിയെടുക്കേണ്ടതുണ്ട്. നാം നിസ്സാരമായി കണക്കാക്കുന്ന പല ശീലങ്ങളും ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തെയും അതുപോലെ ഒരു നാടിന്റെ ആരോഗ്യരംഗത്തെയും കാര്യമായി സ്വാധീനിക്കുന്ന ഘടകങ്ങൾ തന്നെയാണ്.

അജ്ഞാനകാലത്തെ ഇരുളിലാണ്ട ജനതയെ ഏറ്റവും ഉത്തമ സമൂഹമായി മാറ്റിയെടുക്കത്തക്കവിധം മാതൃകാപരമായിരുന്നു നബി(സ)യുടെ ജീവിതവും അധ്യാപനങ്ങളും. മറ്റെല്ലാ കാര്യത്തിലുമെന്ന പോലെ ശാരീരിക ശുദ്ധി കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും നബി(സ്വ) സമൂഹത്തെ പഠിപ്പിച്ചു.

മക്കളെ പ്രവാചകചര്യകൾ ചെറുപ്പം തൊട്ടേ പഠിപ്പിക്കണം. തന്റെ ദൈനംദിന കാര്യങ്ങളിൽ അടുക്കും ചിട്ടയും ഉണ്ടാക്കിയെടുക്കാനും കുട്ടികളെ ശീലിപ്പിക്കേണ്ടതുണ്ട്. തന്റെ വസ്ത്രങ്ങൾ, പുസ്തകങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവയെല്ലാം വേർതിരിച്ച് നിർദേശിക്കപ്പെട്ട സ്ഥലങ്ങളിൽ അടുക്കിവെക്കാൻ അവരെ ശീലിപ്പിക്കണം. പുറത്തിറങ്ങുമ്പോൾ പാദരക്ഷ ധരിക്കാനും വൃത്തിയായി വസ്ത്രം ധരിക്കാനും മുടി ചീകിയൊതുക്കാനും അവരെ പ്രാപ്തരാക്കണം.

തന്റെ ശരീരവും വീടും പരിസരവും സൂക്ഷിക്കേണ്ടത് തന്റെ കടമയാണെന്ന ബോധവും അവരിൽ വളർത്തിയെടുക്കുക. ചപ്പുചവറുകൾ വീടിനകത്തും പുറത്തും അലക്ഷ്യമായി ഇടാൻ പാടില്ലെന്ന ബോധം അവരിലുണ്ടാക്കണം. അതിന് വീട്ടിലുള്ളവർ ആദ്യം മാതൃകയാവണം. സ്വന്തം വീട്ടിലെ മാലിന്യങ്ങൾ ആരും കാണാതെ അയൽവാസിയുടെ പറമ്പിലേക്ക് വലിച്ചെറിയുന്ന മാതാപിതാക്കൾ മക്കൾക്ക് തെറ്റായ സന്ദേശമാണ് നൽകുന്നതെന്നു തിരിച്ചറിയുക.

ലേഖനം

# വിവാഹ മോചനം; ഒരു സംക്ഷിപ്ത പഠനം

ശബീബ് സ്വലാഹി
തിരൂരങ്ങാടി
: 90372 35706



അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിൽ പെട്ടതാണ് അവൻ ഹകീമും (സൂക്ഷ്മജ്ഞാനി) അലീമും (സർവജ്ഞാനി) റഹീമു(കരുണാനിധി)മാണ് എന്നത്. അവന്റെ കാരുണ്യത്തിന്റെ ഭാഗമായി വിവാഹം നമുക്ക് മതനിയമമാക്കി.

അല്ലാഹു പറയുന്നത് കാണുക: “നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (ക്വുർആൻ 30:21).

വിവാഹത്തെ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും കാരുണ്യവുമായി നാം മനസ്സിലാക്കണം. വിവാഹത്തിലൂടെ പുരുഷനും സ്ത്രീയും ശാരീരികവും മാനസികവുമായി ഒന്നുചേർന്ന് സമാധാനവും സന്തോഷവും കണ്ടെത്തുന്നു. അതിലൂടെ വിശുദ്ധി കൈവരിക്കാനും തങ്ങളുടെ ചാരിത്ര്യം കാത്തുസൂക്ഷിക്കാനും അല്ലാഹുവിങ്കൽ പ്രതിഫലത്തിന് അർഹരാകുവാനും അവസരമൊരുക്കപ്പെടുന്നു. ഇഹലോകത്തിന്റെ അലങ്കാരങ്ങളുടെ ഭാഗമായ മക്കളെ അല്ലാഹു പ്രദാനം ചെയ്ത് ദമ്പതികൾക്ക് കൺകുളിർമ നൽകുന്നു.

**“നിങ്ങൾക്ക് സമാധാന പൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (ക്വുർആൻ 30:21).**

ഇഹലോകവാസം വെടിയുന്ന ഒരാൾക്ക് പരലോകത്തേക്കുള്ള നല്ല ശേഷിപ്പായി ജീവതകാലത്ത് താൻ ചെയ്ത സൽകർമങ്ങൾ, പ്രതിഫലം നിലക്കാത്ത ദാനധർമങ്ങൾ, സൽഗുണ സമ്പന്നരായ മക്കളുടെ പ്രാർഥനകൾ എന്നിവ മാത്രമാണ് ഉണ്ടാകുക എന്നാണ് നബി(സ്വ) പഠിപ്പിച്ചത്. ആ മക്കളെ അല്ലാഹു നൽകുന്നതും വിവാഹമെന്ന അനുഗ്രഹത്തിന്റെ ഭാഗമായാണ്. ഇങ്ങനെ തുടരുന്നു വിവാഹത്തിന്റെ അനുഗ്രഹങ്ങൾ.

എന്നാൽ ചിലപ്പോഴെങ്കിലും പല കാരണങ്ങളാലും വിവാഹ ജീവിതം ദമ്പതികൾക്കിടയിൽ ദുസ്സഹമാകാറുണ്ട് എന്നതും വസ്തുതയാണ്. ഒരു തരത്തിലും മാന്യമായ രൂപത്തിൽ ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരുമ്പോൾ ജീവിതകാലം മുഴുവൻ ഇണകളെ പ്രയാസത്തിലേക്ക് തള്ളിവിട്ട് ജീവിച്ചുതീർക്കുക എന്നല്ല അല്ലാഹു കൽപിച്ചത്, പ്രത്യുത മാന്യമായ രൂപത്തിൽ അവർക്ക് വിവാഹ ബന്ധം വേർപിരി

യുവാനും തങ്ങൾക്ക് അനുയോജ്യരായ പുതിയ ഇണയെ മതം അനുശാസിക്കുന്ന രീതിയിൽ തെരഞ്ഞടുക്കാൻ അവസരം നൽകി. അതിനാൽ ഇത്തരം ഘട്ടങ്ങളിൽ വിവാഹമോചനവും പുനർവിവാഹവും അനുഗ്രഹമാണെന്ന് ചിന്തിക്കുന്നവർക്ക് ബോധ്യമാകും.

**ഇസ്‌ലാമിലെ വിവാഹമോചനം**

'ത്വലാക്' എന്ന അറബി പദത്തിന് 'സ്വതന്ത്രമാക്കൽ,' 'മോചിപ്പിക്കൽ' മുതലായ അർഥങ്ങളാണ് ഉള്ളത്. മതം അനുശാസിക്കുന്ന രീതിയിൽ ദമ്പതികൾ തമ്മിലുള്ള വിവാഹ കരാറിനെ വാക്കിലൂടെയോ എഴുത്തിലൂടെയോ വ്യക്തമായോ സൂചനകൾ നൽകിയോ അവസാനിപ്പിക്കുന്നതിനെയാണ് ഇസ്‌ലാമിക കർമശാസ്ത്രത്തിൽ ത്വലാക് അഥവാ വിവാഹമോചനം എന്ന് പറയുന്നത്. ദമ്പതികൾക്കിടയിലെ കലഹങ്ങൾ തീർക്കാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏറ്റവും അവസാന പരിഹാരമാർഗമാണ് ത്വലാക്. അല്ലാഹു പറയുന്നു:


"എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ഭയക്കുന്ന (നിങ്ങളുടെ) ഭാര്യമാരെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. അവരെ (മുറിവേൽപിക്കാത്ത വിധം) അടിക്കുകയും ചെയ്തുകൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു" (ക്വുർആൻ 4:34).



"ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം അവന്റെ ആളുകളിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആളുകളിൽനിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (ക്വുർആൻ 4:35).

ദമ്പതികൾ തമ്മിലുള്ള വിവാഹ മോചനത്തിന്റെ മുമ്പ് നടക്കേണ്ട നടപടി ക്രമങ്ങളാണ് മേൽ സൂചിപ്പിച്ച ക്വുർആൻ വചനങ്ങളിലൂടെ അല്ലാഹു വ്യക്തമാക്കുന്നത്. ബന്ധങ്ങൾ കൂട്ടിയോജിപ്പിച്ച് മുന്നോട്ട് പോകാനുള്ള മാർഗങ്ങൾ തേടാനാണ് അവസാനംവരെ അല്ലാഹു ആവശ്യപ്പെട്ടത്. അതുകൊണ്ടൊന്നും പ്രശ്ന പരിഹാരം കണ്ടെത്താൻ കഴിയാത്ത ഘട്ടത്തിൽ മാത്രമാണ് ത്വലാകിന്റെ വഴി തെരഞ്ഞെടുക്കേണ്ടത്. അപ്പോൾതന്നെ ഒരു ത്വലാക് മാത്രമാണ് ഇസ്‌ലാമിൽ അനുവദിക്കപ്പെട്ടത്. കാരണം ത്വലാകിന് ശേഷം ദീക്ഷാ കാലയളവിൽ പ്രശ്ന പരിഹാര മാർഗങ്ങൾ തെളിഞ്ഞു വരുന്ന സാഹചര്യമുണ്ടെങ്കിൽ പുതിയ വിവാഹമോ വിവാഹമൂല്യമോ ഇല്ലാതെതന്നെ ദമ്പതികൾക്ക് വീണ്ടും ഇണകളായി തുടരാനുള്ള അവസരം അതിലൂടെ ലഭിക്കുന്നു. വീണ്ടും ദാമ്പത്യത്തിൽ പ്രശ്നങ്ങൾ വരുന്നുവെങ്കിൽ മേൽ സൂചിപ്പിച്ച പ്രകാരം പ്രശ്ന പരിഹാരത്തിന്റെ ഓരോ ഘട്ടവും കഴിഞ്ഞ് മുന്നോട്ട് പോകൽ പ്രയാസമാണെന്ന് ബോധ്യപ്പെടുന്ന മുറക്ക് രണ്ടാമത്തെ വിവാഹമോചനത്തിനുള്ള അവസരം ഉപയോഗപ്പെടുത്തുകയുമാകാം. അതിന്റെ ദീക്ഷാകാലഘട്ടത്തിലും മേൽ സൂചിപ്പിച്ച പ്രകാരം പ്രശ്ന പരിഹാര മാർഗങ്ങൾ തെളിഞ്ഞു വരുന്ന സാഹചര്യമുണ്ടെങ്കിൽ പുതിയ വിവാഹമോ വിവാഹമൂല്യമോ ഇല്ലാതെതന്നെ ദമ്പതികൾക്ക് വീണ്ടും ഇണകളായി തുടരാനുള്ള അവസരം ലഭിക്കും. ഇനി ഒന്നാം ത്വലാകിന്റെയും രണ്ടാം ത്വലാകിന്റെയും ദീക്ഷാകാലം കഴിഞ്ഞാലും തങ്ങളുടെ പ്രശ്നങ്ങളും പിഴവുകളും തിരിച്ചറിഞ്ഞ് അത് പരിഹരിച്ച് ഒന്നിച്ചുള്ള ജീവിതം

**പല കാരണങ്ങളാലും വിവാഹ ജീവിതം ദമ്പതികൾക്കിടയിൽ ദുസ്സഹമാകാറുണ്ട് എന്നതും വസ്തുതയാണ്. ഒരു തരത്തിലും മാന്യമായ രൂപത്തിൽ ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരുമ്പോൾ ജീവിതകാലം മുഴുവൻ ഇണകളെ പ്രയാസത്തിലേക്ക് തള്ളിവിട്ട് ജീവിച്ചു തീർക്കുക എന്നല്ല അല്ലാഹു കൽപിച്ചത്, പ്രത്യുത മാന്യമായ രൂപത്തിൽ അവർക്ക് വിവാഹ ബന്ധം വേർപിരിയുവാനും തങ്ങൾക്ക് അനുയോജ്യരായ പുതിയ ഇണയെ മതം അനുശാസിക്കുന്ന രീതിയിൽ തെരഞ്ഞടുക്കാൻ അവസരം നൽകി. അതിനാൽ ഇത്തരം ഘട്ടങ്ങളിൽ വിവാഹമോചനവും പുനർവിവാഹവും അനുഗ്രഹമാണെന്ന് ചിന്തിക്കുന്നവർക്ക് ബോധ്യമാകും.**



**ഞാൻ നിന്നെ മൂന്ന് ത്വലാക്വും ചൊല്ലി എന്ന് പറയുന്നതും, നിന്നെ ത്വലാക്വ് ചെയ്തു എന്നോ സമാന അർഥങ്ങൾ വരുന്ന പദങ്ങൾ മൂന്ന് പ്രാവശ്യം ആവർത്തിച്ച് പറയുകയോ ചെയ്യുന്ന രീതിയും ക്വുർആനിലോ സുന്നത്തിലോ സ്ഥിരപ്പെട്ടില്ല. അപ്രകാരം ചെയ്യൽ നിഷിദ്ധവും ശിക്ഷാർഹവുമാണ്. പ്രശ്നപരിഹാരവും അനുഗ്രഹവുമായി നിശ്ചയിക്കപ്പെട്ട ത്വലാക്വ് പ്രശ്നമായി ഭവിക്കുന്ന അവസ്ഥക്കാണ് പലപ്പോഴും സാക്ഷിയാകേണ്ടിവരുന്നത്. അതിനുള്ള പ്രധാനഹേതു ത്വലാക്വിനെ സംബന്ധിച്ച സമൂഹത്തിന്റെ അറിവില്ലായ്മ തന്നെയാണ്. ഇസ്‌ലാമിലെ മറ്റു കർമാനുഷ്ഠാനങ്ങളെ പോലെ ത്വലാക്വ് ചെയ്യാനും വ്യവസ്ഥകളും മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അല്ലാഹു വെച്ചിട്ടുണ്ട്.**

തുടരാൻ ഉദ്ദേശിക്കുന്നപക്ഷം പുരുഷൻ സ്ത്രീക്ക് പുതിയ വിവാഹമൂല്യം നൽകുകയും പുതിയ വിവാഹകരാറിലൂടെ ദാമ്പത്യം തുടരുകയും ചെയ്യാവുന്നതാണ്.

ഇത്തരം ഘട്ടങ്ങളെല്ലാം കഴിഞ്ഞ് ഒന്നിച്ചു പോകുമ്പോൾ വീണ്ടും പ്രശ്നങ്ങൾ ദാമ്പത്യ ജീവിതത്തിൽ കടന്നുവരികയാണെങ്കിൽ മേൽപറഞ്ഞ നടപടിക്രമങ്ങൾ കഴിഞ്ഞ് ബന്ധം മുന്നോട്ട് പോകൽ പ്രയാസമാണെന്ന് ഉറപ്പുള്ള ഘട്ടത്തിൽ മൂന്നാമത്തെ ത്വലാകും ഒരാൾക്ക് ഉപയോഗപ്പെടുത്താം. മൂന്നാമത്തെ ത്വലാക് ചെയ്യുന്നതോടെ ദീക്ഷാകാലത്ത് പരസ്പരം ധാരണയിൽ ഒന്നിക്കാനോ ദീക്ഷക്ക് ശേഷം പുതിയ വിവാഹ മൂല്യത്തിലൂടെയും പുതിയ വിവാഹകരാറിലൂടെയും മാത്രമായി വീണ്ടും അവർ തമ്മിൽ ദാമ്പത്യ ബന്ധം തുടരാനോ സാധിക്കാത്ത അവസ്ഥ നിലവിൽ വരും. എന്നാൽ ഞാൻ നിന്നെ മൂന്ന് ത്വലാക്വും ചൊല്ലി എന്ന് പറയുന്നതും, നിന്നെ ത്വലാക് ചെയ്തു എന്നോ സമാന അർഥങ്ങൾ വരുന്ന പദങ്ങൾ മൂന്ന് പ്രാവശ്യം ആവർത്തിച്ച് പറയുകയോ ചെയ്യുന്ന രീതിയും ക്വുർആനിലോ സുന്നത്തിലോ സ്ഥിരപ്പെട്ടില്ല. അപ്രകാരം ചെയ്യൽ നിഷിദ്ധവും ശിക്ഷാർഹവുമാണ്.

പ്രശ്നപരിഹാരവും അനുഗ്രഹവുമായി നിശ്ചയിക്കപ്പെട്ട ത്വലാക് പ്രശ്നമായി ഭവിക്കുന്ന അവസ്ഥക്കാണ് പലപ്പോഴും സാക്ഷിയാകേണ്ടിവരുന്നത്. അതിനുള്ള പ്രധാനഹേതു ത്വലാക്വിനെ സംബന്ധിച്ച സമൂഹത്തിന്റെ അറിവില്ലായ്മ തന്നെയാണ്. ഇസ്‌ലാമിലെ മറ്റു കർമാനുഷ്ഠാനങ്ങളെ പോലെ ത്വലാക് ചെയ്യാനും വ്യവസ്ഥകളും മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അല്ലാഹു വെച്ചിട്ടുണ്ട്. എന്നാൽ ത്വലാക് ചൊല്ലുന്ന അധികപേരും അത് മനസ്സിലാക്കാതെ വിവാഹമോചനത്തിലേർപ്പെടുന്നു. അതിലൂടെ അവർ തെറ്റുകാരായിത്തീരുകയും അല്ലാഹുവിങ്കൽ അവർ ശിക്ഷക്ക് അർഹരായിത്തീരുകയും ചെയ്യുന്നു.

നമസ്കാരം നിർവഹിക്കുന്നതിനും നോമ്പനുഷ്ഠിക്കുന്നതിനും സകാത്ത് നൽകുന്നതിനും ഹജ്ജും ഉംറയും നിർവഹിക്കുന്നതിനുമെല്ലാം സമയവും വ്യവസ്ഥയും ഉള്ളതുപോലെ വിവാഹമോചനത്തിനും സമയവും വ്യവസ്ഥയും ഉണ്ട് എന്ന് ഓരോ വിശ്വാസിയും അറിഞ്ഞിരിക്കണം. വിവേകമില്ലാതെ കൈകാര്യം ചെയ്യേണ്ട വിഷയമല്ല വിവാഹമോചനമെന്ന് ചുരുക്കി മനസ്സിലാക്കാം. കുറഞ്ഞപക്ഷം സമയബന്ധിതമായി നിർവഹിക്കേണ്ട കാര്യമാണ് ത്വലാക് എന്ന തിരിച്ചറിവെങ്കിലും അതിന് മുതിരുന്നവർ അറിഞ്ഞിരിക്കണം.

അല്ലാഹു പറയുന്നു: "നബിയേ, നിങ്ങൾ(വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽഅവരെ നിങ്ങൾ അവരുടെ ഇദ്ദ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദകാലം നിങ്ങൾ എണ്ണിക്കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക" (ക്വുർആൻ 65:1).

### ത്വലാക് ചൊല്ലൽ നിഷിദ്ധമായ സമയങ്ങൾ

ത്വലാക് സമയബന്ധിതമായി നടക്കേണ്ട കർമമാണെന്ന് മനസ്സിലാക്കിയല്ലോ? ത്വലാക് ചൊല്ലൽ അനുവദനീയമായ സമയവും നിഷിദ്ധമായ സമയവുമുണ്ട്. നിഷിദ്ധമാക്കപ്പെട്ട സമയത്താണ് ഒരാൾ തന്റെ ഇണയെ ത്വലാക് ചൊല്ലുന്നതെങ്കിൽ അയാൾ കുറ്റക്കാരനാണ്. അത്തരം ത്വലാക് സാധുവാണോ അസാധുവാണോ എന്ന വിഷയത്തിൽ കർമശാസ്ത്ര പണ്ഡിതർ ഭിന്നാഭിപ്രായക്കാരാണ്. അത്തരം ത്വലാക്വുകൾ അസാധുവാണ്, അത് ത്വലാക്വായി പരിഗണിക്കപ്പെടുകയില്ല എന്ന അഭിപ്രായമാണ് കൂടുതൽ ശരിയായിട്ടുള്ളത് എന്നതാണ് പ്രമാണങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. (അല്ലാഹുവാണ് ഏറെ അറിയുന്നവൻ).

**ത്വലാക്ക് ചെയ്യൽ നിഷിദ്ധമായ അവസ്ഥകൾ മുകളിൽ നാം മനസ്സിലാക്കി. അവയെല്ലാം ബിദഈ ത്വലാക്വിലാണ് ഉൾപ്പെടുക. അതിന് പുറമെ ഒന്നിൽ കൂടുതൽ ത്വലാക്വുകൾ ഒന്നിച്ച് പ്രഖ്യാപിക്കുകയോ, നിന്നെ ത്വലാക്വ് ചെയ്തു എന്ന് ആവർത്തിച്ചു പറഞ്ഞ് ആവർത്തിക്കപ്പെട്ട എണ്ണം ത്വലാക്വിന്റെ എണ്ണമായി കണക്കാക്കുകയോ ചെയ്യൽ ത്വലാക്വ് ബിദഈയായി പരിഗണിക്കപ്പെടും. അത് നിഷിദ്ധമാണ്. ചെയ്യാൻ പാടില്ലാത്തതാണ്. അത് മതനിന്ദയാണ്.**

അത്തരം സന്ദർഭങ്ങളെ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

**1) ഭാര്യ ആർത്തവകാരിയായിരിക്കെ ത്വലാക്വ് ചൊല്ലൽ.**

തന്റെ ഇണ ആർത്തവകാരിയായിരിക്കെ അവരെ വിവാഹമോചനം ചെയ്യൽ നിഷിദ്ധമാണ്. അത്തരം അവസ്ഥയിൽ വല്ലവരും ത്വലാക്വ് ചൊല്ലിയാൽ അത് ത്വലാക്വായി പരിഗണിക്കുകയില്ല. അവളെ ത്വലാക്വ് ചെയ്യൽ അനിവാര്യമാണെങ്കിൽ അവൾ ആർത്തവത്തിൽനിന്നും ശുദ്ധിയായതിന് ശേഷം അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപെടുന്നതിനു മുമ്പാണ് അത് നിർവഹിക്കേണ്ടത്. ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്ന ഒരു ഹദീഥ് കാണുക:

അബ്ദുല്ലാഹിബിൻ ഉമറി(റ)ൽനിന്നും നിവേദനം: അബ്ദുല്ലാഹിബിൻ ഉമർ നബിയുടെ കാലത്ത് തന്റെ ആർത്തവകാരിയായ ഭാര്യയെ ത്വലാക്വ് ചെയ്തു. തൽസംബന്ധമായി ഉമറുബ്നുൽ ഖത്വാബ്(റ) നബിയോട് ചോദിക്കുകയുണ്ടായി. അപ്പോൾ നബി(സ്വ) പറഞ്ഞു: 'അവനോട് അവളെ തിരിച്ചുവിളിക്കാൻ കൽപിക്കുക. അവൾ ആർത്തവത്തിൽനിന്നും ശുദ്ധിയാകുന്നതുവരെ അവളെ തന്റെ കൂടെത്തന്നെ (ഭാര്യയായി) നിർത്തികൊള്ളട്ടെ. പിന്നെ അവൾ ആർത്തവകാരിയായി, ശേഷം ശുദ്ധിയായിക്കഴിഞ്ഞ്, അവൻ അവളെ ഭാര്യയായി നിലനിർത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അപ്രകാരം തന്റെ പക്കൽ നിർത്തിക്കൊള്ളട്ടെ. ത്വലാക്വ് ഉദ്ദേശിക്കുന്നപക്ഷം അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപെടുന്നതിന് മുമ്പ് ആ ശുദ്ധിയിൽ അവളെ വിവാഹമോചനം ചെയ്തുകൊള്ളട്ടെ. അതാകുന്നു സ്ത്രീകളെ വിവാഹമോചനം ചെയ്യാൻ അല്ലാഹു കൽപിച്ച ഇദ്ദ കാലം.'

**2) പ്രസവരക്തം (നിഫാസ്) ഉള്ളവളായിരിക്കെ ഭാര്യയെ ത്വലാക്വ് ചെയ്യൽ.**

ഭാര്യമാർ ശുദ്ധിയിലായിരിക്കെ മാത്രമെ ത്വലാക്വ് ചെയ്യാൻ പാടുള്ളൂ എന്നത് തൊട്ടുമുമ്പ് സൂചിപ്പിച്ച ഹദീസിൽനിന്നും വ്യക്തമാകുന്ന കാര്യമാണ്. ഒരു സ്ത്രീ ആർത്തവകാരിയാകുന്ന സന്ദർഭത്തിലും പ്രസ വരക്തമുള്ള സന്ദർഭത്തിലും വലിയ അശുദ്ധിയുള്ളവളായിക്കൊണ്ടാണ് പരിഗണപ്പെടുക. അത്തരം ഘട്ട ങ്ങളിലൊന്നും അവളെ വിവാഹമോചനം ചെയ്യാൻ പാടുള്ളതല്ല.

**3) ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട ശുദ്ധി കാലയളവിൽ ത്വലാക്വ് ചെയ്യൽ.**

ഇബ്നു ഉമറി(റ)ന്റെ ത്വലാക്വുമായി ബന്ധപ്പെട്ട നബിവചനത്തിന്റെ അവസാന ഭാഗത്ത് നിന്നും വ്യക്തമാകുന്ന കാര്യമാണ്, ഒരാൾ തന്റ ഭാര്യയെ ത്വലാക്വ് ചെയ്യാൻ ഉദ്ദേശിക്കുന്നപക്ഷം അവളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ട ശുദ്ധികാലയളവിൽ അത് പാടില്ല എന്നത്. നബി(സ്വ) ഇബ്നു ഉമറി(റ)നോട് കൽപിക്കാനായി ഉമറി(റ)നോട് പറഞ്ഞ ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്.

ഇനി അവൻ അവളെ ഭാര്യയായി നിലനിർത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അപ്രകാരം തന്റെ പക്കൽ നിർത്തിക്കൊള്ളട്ടെ. ത്വലാക്വ് ഉദ്ദേശിക്കുന്നപക്ഷം അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപെടുന്നതിന് മുമ്പ് ആ ശുദ്ധിയിൽ അവളെ വിവാഹമോചനം ചെയ്തുകൊള്ളട്ടെ. അതാകുന്നു സ്ത്രീകളെ വിവാഹ മോചനം ചെയ്യാൻ അല്ലാഹു കൽപിച്ച ഇദ്ദ കാലം.

എന്നാൽ ഭാര്യ ഗർഭിണിയാണെങ്കിൽ അവരുടെ ത്വലാക്വ് സാധുവാകുന്നതാണ്. അത്തരം സന്ദർഭങ്ങ ളിൽ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടു എന്നത് ത്വലാക്വ് അസാധുവാകാനോ നിഷിദ്ധമാകാനോ കാരണമാവുകയില്ല. ഇബ്നു ഉമറി(റ)ന്റെ സംഭവം ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഹദീസിൽ അത് വ്യക്തമായി കാണാവുന്നതാണ്. നബി(സ്വ) പറയുന്നു:

"അവനോട് അവളെ തിരികെ കൊണ്ടുവരാൻ പറയുക. ശേഷം (അവൻ ത്വലാക്വ് ചെയ്യാൻ ഉദ്ദേശിക്കുന്ന പക്ഷം) അവൾ ശുദ്ധിയുള്ളവളായിരിക്കയോ ഗർഭിണിയായിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ അവളെ വിവാഹമോചനം നടത്തുകയും ചെയ്യട്ടെ."

**ത്വലാക്വിന്റെ മതവിധി**

അടിസ്ഥാനപരമായി വിവാഹമോചനം അനുവദനീയമാണ്. എന്നാൽ അകാരണമായി ഒരാൾ വിവാഹ മോചനത്തിൽ ഏർപ്പെടുന്നത് കറാഹത്തും (വെറുക്കപ്പെട്ടത്) തന്റെ ഇണയെ വിവാഹമോചനത്തിലൂടെ പ്രയാസപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണെങ്കിൽ അത് ഹറാമു(നിഷിദ്ധം)മാണ്.

ഇനി ഒരാൾ തന്റെ ദാമ്പത്യജീവിതം തുടരുന്നത് തന്റെ മതപരമായ നിർബന്ധ ബാധ്യതകൾ നിർവഹിക്കുന്നതിൽനിന്നും വിട്ടുനിൽക്കാനും, മതത്തിൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ പ്രവർത്തിക്കാനും കാരണമാകുന്നെങ്കിൽ അത്തരം ഘട്ടത്തിൽ വിവാഹമോചനം അയാൾക്ക് സുന്നത്തായും അതിന്റെ ഗൗരവം വർധിക്കുന്നതിന നുസരിച്ച് നിർബന്ധമായും മാറുകയും ചെയ്യും.

തന്റെ ഭാര്യയുമായി ഇനി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയില്ല എന്ന് ആരെങ്കിലും ശപഥം ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ശപഥത്തിൽനിന്നും പിൻമാറാനും അന്തിമമായി തീരുമാനമെടുക്കാനും നാല് മാസമാണ് ഇസ്‌ലാം അനുവാദം നൽകിയത്. അതിനാൽ നാല് മാസത്തിനുള്ളിൽ വീണ്ടും ദാമ്പത്യം തുടരാൻ ആഗ്രഹിക്കാത്തപക്ഷം ഇണയെ അത് പ്രയാസപ്പെടുത്തലാണ്. പ്രത്യേകിച്ചും തന്റെ ഇണ ലൈംഗിക ബന്ധത്തിന് ആഗ്രഹിക്കുന്നവളാണെങ്കിൽ അത് നിഷിദ്ധവുമാണ്. അതിനാൽ അത്തരക്കാർ വിവാഹമോചനം ചെയ്ത് ഇണകൾക്ക് മറ്റു വിവാഹം കഴിക്കാനുള്ള അവസരം നൽകൽ നിർബന്ധമാണ്. അല്ലാത്തപക്ഷം കാദിമാർ ഇടപെട്ട് ആ സഹോദരിക്ക് വിവാഹമോചനം നൽകൽ നിർബന്ധമാകും എന്നാണ് മനസ്സിലാക്കേണ്ടത്.

'അല്ലാഹുവിന്റെ അടുത്ത് അനുവദിക്കപ്പെട്ടതിൽ ഏറ്റവും വെറുക്കപ്പെട്ട കാര്യം വിവാഹമോചനമാണ്' (അബൂദാവൂദ് 2178, ഇബ്നുമാജ 2018) എന്ന ഹദീസ് സ്വീകാര്യയോഗ്യമായി കാണുന്നവർ ത്വലാക്വിന്റെ അടിസ്ഥാന വിധി കറാഹത്താണ് എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത് എന്നുകൂടി നാം മനസ്സിലാക്കണം.

**ത്വലാക്വിന്റെ ഇനങ്ങൾ**

ത്വലാക്വ് ചെയ്യുന്ന രീതിയും സമയവും പരിഗണിച്ച് പ്രധാനമായും അത് മൂന്നായി തരംതിരിക്കാം.

1) ത്വലാക്വ് സുന്നിയ്യ്.
2) ത്വലാക്വ് ബിദഈ.
3) ത്വലാക്വ് മുബാഹ്.

വിശുദ്ധ ക്വുർആനും തിരുസുന്നത്തും പഠിപ്പിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് നിർവഹിക്കപ്പെടുന്ന ത്വലാക്വാണ് 'ത്വലാക്വ് സുന്നിയ്യ്' എന്നറിയപ്പെടുന്നത്. അതിന് കടകവിരുദ്ധമായ രൂപത്തിൽ നിർവഹി ക്കപ്പെടുന്ന ത്വലാക്വുകളാണ് 'ത്വലാക്വ് ബിദഈ' കൊണ്ടുദ്ദേശിക്കപ്പെടുന്നത്.

ത്വലാക്ക് ചെയ്യൽ നിഷിദ്ധമായ അവസ്ഥകൾ മുകളിൽ നാം മനസ്സിലാക്കി. അവയെല്ലാം ബിദഈ ത്വലാക്വിലാണ് ഉൾപ്പെടുക. അതിന് പുറമെ ഒന്നിൽ കൂടുതൽ ത്വലാക്വുകൾ ഒന്നിച്ച് പ്രഖ്യാപിക്കുകയോ, നിന്നെ ത്വലാക്വ് ചെയ്തു എന്ന് ആവർത്തിച്ചു പറഞ്ഞ് ആവർത്തിക്കപ്പെട്ട എണ്ണം ത്വലാക്വിന്റെ എണ്ണമായി കണക്കാക്കുകയോ ചെയ്യൽ ത്വലാക്വ് ബിദഈയായി പരിഗണിക്കപ്പെടും. അത് നിഷിദ്ധമാണ്. ചെയ്യാൻ പാടില്ലാത്തതാണ്. അത് മതനിന്ദയാണ്. അല്ലാഹുവിന്റെയടുക്കൽ ശിക്ഷാർഹനാകുന്ന കാര്യമാണ്. ത്വലാക്വ് സാധുവാകാനുള്ള മറ്റു നിബന്ധനകളെല്ലാം യോജിച്ചുവരുന്നപക്ഷം അത്തരം ത്വലാക്വിലൂടെ ഒരു ത്വലാക്വ് മാത്രമാണ് സംഭവിക്കുക.

ഇബ്നു അബ്ബാസ്(റ) പറയുന്നത് കാണുക: "നബി(സ്വ)യുടെയും അബൂബക്റി(റ)ന്റെയും കാലത്തും

> **'അല്ലാഹുവിന്റെ അടുത്ത് അനുവദിക്കപ്പെട്ടതിൽ ഏറ്റവും വെറുക്കപ്പെട്ട കാര്യം വിവാഹ മോചനമാണ്' (അബൂദാവൂദ് 2178, ഇബ്നുമാജ 2018) എന്ന ഹദീസ് സ്വീകാര്യയോഗ്യമായി കാണുന്നവർ ത്വലാക്വിന്റെ അടിസ്ഥാനവിധി കറാഹത്താണ് എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത് എന്നുകൂടി നാം മനസ്സിലാക്കണം.**

ഉമറി(റ)ന്റെ ഭരണത്തിന്റെ ആദ്യ രണ്ട് വർഷങ്ങളിലും മൂന്ന് ത്വലാക്വ് (ഒന്നിച്ച് ചെയ്യൽ) ഒറ്റ (ത്വലാക്വ്) ആയാണ് (പരിഗണിക്കപ്പെട്ടത്)."

ഇതൊന്നും പരിഗണിക്കാതെ തോന്നിയപോലെ ത്വലാക്വ് ചെയ്യുകയും പിന്നെ തന്റെ ഇണയെ തിരിച്ചെടുക്കാൻ എന്തുചെയ്യണം എന്ന് ചോദിച്ച് മതപണ്ഡിതൻമാരെ തേടി നടക്കുകയും ചെയ്യുന്നത് കാണാം. അത്തരക്കാർ ഇഹലോകത്തും പശ്ചാത്തപിക്കാത്തപക്ഷം (തൗബ ചെയ്യാത്തപക്ഷം) പരലോകത്തും അനുഭവിക്കേണ്ടിവരിക കടുത്ത നിന്ദ്യതയായിരിക്കുമെന്നാണ് പ്രമാണങ്ങളിൽനിന്നും ലഭിക്കുന്ന പാഠം.

നമ്മൾ മുസ്‌ലിംകളാണെന്ന് നാം തിരിച്ചറിയണം. നമ്മുടെ മതത്തിൽ എല്ലാ കാര്യത്തിനും കൃത്യമായ വ്യവസ്ഥകൾ ഉണ്ട്. അവ ലംഘിക്കാൻ നമുക്ക് അനുവാദമില്ല. അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിച്ച് ജീവിക്കുന്നവർക്ക് കടുത്ത ശിക്ഷയാണ് വരാനുള്ളതെന്ന് ക്വുർആൻ താക്കീത് ചെയ്യുന്നത് നാം മറക്കാതിരി ക്കുക.

ത്വലാക്വ് മുബാഹ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഏതുസമയം ചെയ്താലും സംഭവിക്കുന്ന ത്വലാക്വുകളാണ്. ഗർഭിണികളെ ത്വലാക്വ് ചെയ്യൽ, വിവാഹ കരാർ പൂർത്തിയായി; എന്നാൽ ഭാര്യയും ഭർത്താവും തമ്മിൽ ഒന്നിക്കുന്നതിനും ബന്ധപ്പെടുന്നതിനും മുമ്പ് തന്നെ വേർപിരിയേണ്ടി വന്നു. അത്തരം ത്വലാക്വുകളെയും ഈ ഗണത്തിലാണ് ഉൾപ്പെടുത്തുക. ഇനി വാർധക്യം കാരണത്താലോ മറ്റോ ആർത്തവ വിരാമം സംഭവിച്ച സ്ത്രീയാണ് ഒരാളുടെ ഭാര്യയെന്ന് കരുതുക. അവരുടെ ദാമ്പത്യത്തിൽ അസ്വസ്ഥതകൾ ഉണ്ടാകുകയും ഒന്നിച്ച് പോകാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ മാന്യമായ രൂപത്തിൽ അവർക്ക് ബന്ധം വേർപെടുത്താം. അതും ത്വലാക്വ് മുബാഹിലാണ് ഉൾപ്പെടുക.

*(തുടരും)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 46

# അഹ്ക്വാഫ്

(മക്കയിൽ അവതരിച്ചത്)

أَمْ يَقُولُونَ ٱفْتَرَىٰهُ ۖ قُلْ إِنِ ٱفْتَرَيْتُهُۥ فَلَا
تَمْلِكُونَ لِى مِنَ ٱللَّهِ شَيْـًٔا ۖ هُوَ أَعْلَمُ بِمَا
تُفِيضُونَ فِيهِ ۖ كَفَىٰ بِهِۦ شَهِيدًۢا بَيْنِى وَبَيْنَكُمْ ۖ
وَهُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٨﴾

قُلْ مَا كُنتُ بِدْعًا مِّنَ ٱلرُّسُلِ وَمَآ أَدْرِى مَا
يُفْعَلُ بِى وَلَا بِكُمْ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ
وَمَآ أَنَا۠ إِلَّا نَذِيرٌ مُّبِينٌ ﴿٩﴾

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ
وَشَهِدَ شَاهِدٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ مِثْلِهِۦ
فَـَٔامَنَ وَٱسْتَكْبَرْتُمْ ۖ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ
ٱلظَّٰلِمِينَ ﴿١٠﴾

8. അതല്ല, അദ്ദേഹം (റസൂൽ) അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? നീ പറയുക: ഞാനത് കെട്ടിച്ചമച്ചതാണെങ്കിൽ എനിക്ക് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് ഒട്ടും രക്ഷനൽകാൻ നിങ്ങൾക്ക് കഴിയില്ല. അതിന്റെ (ക്വുർആന്റെ) കാര്യത്തിൽ നിങ്ങൾ കടന്നു സംസാരിക്കുന്നതിനെപ്പറ്റി അവൻ നല്ല വണ്ണം അറിയുന്നവനാകുന്നു. എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അവൻ തന്നെ മതി. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

9. (നബിയേ,) പറയുക: ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടും എന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു.

10. (നബിയേ,) പറയുക: നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഇത് (ക്വുർആൻ) അല്ലാഹുവിന്റെ പക്കൽനിന്നുള്ളതായിരിക്കുകയും, എന്നിട്ട് നിങ്ങൾ ഇതിൽ അവിശ്വസിക്കുകയും, ഇതുപോലുള്ളതിന് ഇസ്റാഈൽ സന്തതികളിൽനിന്നുള്ള ഒരു സാക്ഷി സാക്ഷ്യം വഹിക്കുകയും, അങ്ങനെ അയാൾ (ഇതിൽ) വിശ്വസിക്കുകയും, നിങ്ങൾ അഹംഭാവം നടിക്കുകയുമാണ് ഉണ്ടായിട്ടുള്ളതെങ്കിൽ (നിങ്ങളുടെ നില എത്ര മോശമായിരിക്കും?). അക്രമകാരികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.

وَقَالَ ٱلَّذِينَ كَفَرُواْ لِلَّذِينَ ءَامَنُواْ لَوۡ كَانَ
خَيۡرٗا مَّا سَبَقُونَآ إِلَيۡهِۚ وَإِذۡ لَمۡ يَهۡتَدُواْ بِهِۦ
فَسَيَقُولُونَ هَٰذَآ إِفۡكٞ قَدِيمٞ ﴿١١﴾

وَمِن قَبۡلِهِۦ كِتَٰبُ مُوسَىٰٓ إِمَامٗا وَرَحۡمَةٗۚ
وَهَٰذَا كِتَٰبٞ مُّصَدِّقٞ لِّسَانًا عَرَبِيّٗا
لِّيُنذِرَ ٱلَّذِينَ ظَلَمُواْ وَبُشۡرَىٰ لِلۡمُحۡسِنِينَ ﴿١٢﴾

إِنَّ ٱلَّذِينَ قَالُواْ رَبُّنَا ٱللَّهُ ثُمَّ ٱسۡتَقَٰمُواْ فَلَا
خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ﴿١٣﴾

أُوْلَٰٓئِكَ أَصۡحَٰبُ ٱلۡجَنَّةِ خَٰلِدِينَ فِيهَا جَزَآءَۢ بِمَا
كَانُواْ يَعۡمَلُونَ ﴿١٤﴾

11. വിശ്വസിച്ചവരെപ്പറ്റി ആ സത്യനിഷേധികൾ പറഞ്ഞു: ഇതൊരു നല്ലകാര്യമായിരുന്നെങ്കിൽ ഞങ്ങളെക്കാൾ മുമ്പ് ഇവർ അതിൽ എത്തിച്ചേരുകയില്ലായിരുന്നു. ഇതുമുഖേന അവർ സന്മാർഗം പ്രാപിച്ചിട്ടില്ലാത്തതുകൊണ്ട് അവർ പറഞ്ഞേക്കും; ഇതൊരു പഴക്കം ചെന്ന വ്യാജവാദമാണെന്ന്.

12. മാതൃകായോഗ്യമായിക്കൊണ്ടും കാരുണ്യമായിക്കൊണ്ടും ഇതിനുമുമ്പ് മൂസായുടെ ഗ്രന്ഥം വന്നിട്ടുണ്ട്. ഇത് (അതിനെ) സത്യപ്പെടുത്തുന്ന അറബിഭാഷയിലുള്ള ഒരു ഗ്രന്ഥമാകുന്നു. അക്രമം ചെയ്തവർക്ക് താക്കീത് നൽകുവാൻ വേണ്ടിയും സദ്വൃത്തർക്ക് സന്തോഷവാർത്ത ആയിക്കൊണ്ടും.

13. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല.

14. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്.

8). (അതല്ല അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്?) മുഹമ്മദ് നബി (സ്വ) സ്വയം കെട്ടിച്ചമച്ചതാണോ ഇത്? (ക്വുർആൻ). (നീ പറയുക:) അവരോട്, (ഞാനത് കെട്ടിച്ചമച്ചതാണെങ്കിൽ) അല്ലാഹു നിങ്ങൾ പറയുന്നതിനെക്കുറിച്ച് അറിയുന്നവനും എന്റെ മേൽ കഴിവുള്ളവനുമായിരിക്കെ നിങ്ങൾ വാദിക്കുന്ന എന്റെ ഈ വ്യാജനിർമിതിക്ക് എന്നെ ശിക്ഷിക്കാത്തതെന്താണ് ? (അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നൊട്ടും രക്ഷ നൽകാൻ നിങ്ങൾക്കാവില്ല) അല്ലാഹു എന്നെ ദ്രോഹിക്കാൻ ഉദ്ദേശിച്ചാലും അനുഗ്രഹം തരാൻ ഉദ്ദേശിച്ചാലും. (നിങ്ങൾ കടന്ന് സംസാരിക്കുന്നതിനെപ്പറ്റി അവൻ നല്ലവണ്ണം അറിയുന്നവനാകുന്നു, എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അവൻതന്നെ മതി).

ഞാൻ അല്ലാഹുവിന്റെ പേരിൽ വല്ലതും കെട്ടിയുണ്ടാക്കിയാൽ വലതുകൈകൊണ്ട് അവനെന്നെ പിടിക്കും. എല്ലാവരും കാൺകെ അവനെന്നെ ശിക്ഷിക്കും. ഞാനിത് ഉണ്ടാക്കിപ്പറഞ്ഞതാണെങ്കിൽ ഏറ്റവും വലിയ കളവിൽ പെട്ടതാണിത്. പിന്നീട് സത്യത്തോട് അവരിൽനിന്നുണ്ടായ ധിക്കാരത്തിനും കുതർക്കത്തിനും പശ്ചാത്തപിക്കാൻ അവരോട് ആവശ്യപ്പെടുന്നു. (അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്). അതിനാൽ അവനിലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരും. അവൻ നിങ്ങളോടു കരുണ ചെയ്യുകയും നന്മക്ക് അവസരമുണ്ടാക്കിത്തരികയും ചെയ്യും. മഹത്തായ പ്രതിഫലം നൽകുകയും ചെയ്യും.

9). (പറയുക, ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമക്കാരനൊന്നുമല്ല) എന്റെ പ്രബോധനത്തിൽ പുതുമ തോന്നാനും എന്റെ പ്രവാചകത്വത്തിൽ അപരിചിതത്വം തോന്നാനും ഞാൻ നിങ്ങൾക്ക് വരുന്ന ആദ്യ ദൂതനൊന്നുമല്ല. എന്റെ പ്രബോധനം പോലെയുള്ള പ്രബോധനം നബിമാരും ദൂതന്മാരും മുമ്പ് ചെയ്തിട്ടുണ്ട്. എന്നിട്ടെന്തിനാണ് നിങ്ങൾക്കെന്റെ സന്ദേശം നിഷേധിക്കുന്നത്? (എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിയുകയുമില്ല) അതായത് ഞാനൊരു മനുഷ്യൻ മാത്രമാണ്. എനിക്ക് ഒന്നിലും നിയന്ത്രണമില്ല. എന്നെയും നിങ്ങളെയുമെല്ലാം നിയന്ത്രിക്കുന്നത് അല്ലാഹുവാണ്. എന്റെയും നിങ്ങളുടെയും വിധികർത്താവും അവൻതന്നെ. (എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻതുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്). സ്വന്തമായി എനിക്കൊന്നും കൊണ്ടുവരാനാകില്ല. (ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു) എന്റെ സന്ദേ

ശം സ്വീകരിക്കുകയും എന്റെ ക്ഷണത്തിന് നിങ്ങൾ ഉത്തരം നൽകുകയും ചെയ്താൽ അത് നിങ്ങളുടെ ഭാഗ്യവും ഇഹത്തിലും പരത്തിലും നിങ്ങൾക്കുള്ള നേട്ടവുമാണ്. നിങ്ങളന്നെ തള്ളിക്കളയുകയാണെങ്കിൽ അല്ലാഹുവാണ് നിങ്ങളെ വിചാരണ ചെയ്യുന്നത്. ഞാൻ നിങ്ങൾക്ക് താക്കീത് നൽകിയിരിക്കുന്നു. ആർ താക്കീത് നൽകിയോ അവൻ നിരപരാധിയായി.

10). (പറയുക, നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഇത്-ക്വുർആൻ - അല്ലാഹുവിന്റെ പക്കൽനിന്നുള്ളതായിരിക്കുകയും എന്നിട്ട് നിങ്ങളിതിൽ അവിശ്വസിക്കുകയും ഇതുപോലുള്ളതിന് ഇസ്റാഈൽ സന്തതികളാൽനിന്നുള്ള ഒരു സാക്ഷി സാക്ഷ്യം വഹിക്കുകയും അങ്ങനെ അയാൾ വിശ്വസിക്കുകയും നിങ്ങൾ അഹംഭാവം നടിക്കുകയുമാണ് ഉണ്ടായിട്ടുള്ളതെങ്കിൽ) നിങ്ങളെനിക്ക് പറഞ്ഞുതരൂ. ഈ ക്വുർആൻ അല്ലാഹുവിന്റെ അടുക്കൽനിന്നായിരിക്കുകയും വേദക്കാരിൽനിന്നും യോജിക്കുന്നവർ അതിന്റെ സത്യതക്ക് സാക്ഷ്യം വഹിക്കുകയും സത്യസന്ധർ അത് സത്യമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അങ്ങനെ അവർ അതിൽ വിശ്വസിക്കുകയും സന്മാർഗത്തിലാവുകയും ചെയ്യുന്നു. അങ്ങനെ നബിമാരുടെ വൃത്താന്തങ്ങളും ബുദ്ധിമാന്മാരായ അനുയായികളും യോജിപ്പിലെത്തുന്നു. എന്നാൽ വിഡ്ഢികളായ വിവരദോഷികളെ നിങ്ങൾ അനുകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഏറ്റവും വലിയ അക്രമവും കഠിനനിഷേധവും കാണിക്കുന്ന (അക്രമികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല). സത്യം സ്വീകരിക്കാൻ സൗകര്യപ്പെട്ടിട്ടും അഹങ്കരിച്ച് മാറി നിൽക്കൽ അക്രമം തന്നെയാണ്.

11,12). പ്രവാചകനോട് ധിക്കാരമായ അദ്ദേഹത്തിന്റെ പ്രബോധനത്തെ എതിർത്തുകൊണ്ടും സത്യനിഷേധികൾ പറഞ്ഞു (ഇതൊരു നല്ല കാര്യമായിരുന്നെങ്കിൽ ഞങ്ങളെക്കാൾ മുമ്പ് ഇവർ ഇതിൽ എത്തിച്ചേരുകയില്ലായിരുന്നു). അതായത് സത്യവിശ്വാസികൾ സത്യത്തിലേക്ക് ഞങ്ങൾക്ക് മുമ്പ് എത്തുമായിരുന്നില്ല. ആദ്യമെത്തുന്നവരും മുൻകടക്കുന്നവരും ഞങ്ങളാകുമായിരുന്നു. ഇതും ഒരു കളവാണ്. സത്യനിഷേധികൾ സത്യവിശ്വാസികളെ മുൻകടക്കുമെന്നത് സത്യത്തിന്റെ അടയാളമാണെന്നതിന് എന്ത് തെളിവാണുള്ളത്? മനസ്സത്രയ്ക്ക് പരിശുദ്ധമാണോ അവരുടേത്? അതോ ബുദ്ധി കൂടുതലുള്ളവരോ? അതോ സന്മാർഗം അവരുടെ കൈയിലാണോ? അല്ല സ്വയം ആശ്വസിക്കുവാൻ അവർ തന്നെപറയുന്നതാണിത്? ഒരു കാര്യത്തിന് കഴിയാത്തവൻ അതിനെ ആക്ഷേപിക്കാൻ തുടങ്ങും.


അതാണ് അല്ലാഹു പറഞ്ഞത് (ഇത് മുഖേന അവർ സന്മാർഗം പ്രാപിച്ചിട്ടില്ലാത്തതുകൊണ്ട് അവർ പറഞ്ഞേക്കും ഇതൊരു പഴക്കം ചെന്ന വ്യാജവാദമാണെന്ന്) അവർ സന്മാർഗമായി സ്വീകരിച്ചിട്ടില്ലാത്ത ഈ ഖുർആനിലേക്ക് അവരെ അദ്ദേഹം ക്ഷണിക്കുന്നു എന്നതാണ് കാരണം. ഏറ്റവും വലിയ ആഗ്രഹവും നേട്ടവും അവർക്ക് നഷ്ടമായി. അപ്പോൾ അത് കളവാണെന്ന് അവർ ആരോപിച്ചു. യാതൊരു ശങ്കയ്ക്കും സംശയത്തിനും ഇടയില്ലാത്തവിധം സത്യമാണത്. (അതും)ദൈവിക ഗ്രന്ഥങ്ങൾ യോ ജിക്കുകയും ചെയ്തു (ഇതിനുമുമ്പ്) പ്രത്യേകിച്ച് ഖുർആൻ കഴിഞ്ഞാൽ ഏറ്റവും മികച്ചതും സമ്പൂർണമായതും, അത് തൗറാത്താണ് മൂസായുടെ ഗ്രന്ഥം മാതൃകായോഗ്യമായിക്കൊണ്ടും കാരുണ്യമായിക്കൊണ്ടും) അതായത്, ഇസ്റായേൽ സന്തതികൾ അതിനെ പിൻപറ്റുകയും അതുമൂലം സന്മാർഗത്തിലാവുകയും ചെയ്തു. ഇഹപര നന്മകൾ അവർക്ക് ലഭിക്കുകയും ചെയ്തു.

(ഇത്) ഖുർആൻ (സത്യപ്പെടുത്തുന്ന ഗ്രന്ഥം) പൂർവ ഗ്രനഥങ്ങളെ അതിന്റെ സത്യതയ്ക്ക് അത് സാക്ഷിയായി. അതിനോട് യോജിപ്പ് പുലർത്തി സത്യപ്പെടുത്തുകയും ചെയ്തു. അല്ലാഹു അതിനെ ആക്കുകയും ചെയ്തു (അറബി ഭാഷയിൽ). എളുപ്പത്തിൽ ഗ്രഹിക്കാനും ചിന്തിക്കാനും സൗകര്യപ്രദമായി. (അക്രമം ചെയ്തവർക്ക് താക്കീത് നൽകുവാനും) അവിശ്വാസംകൊണ്ടും അധർമവും അനുസരണക്കേടുകൊണ്ടും അവരോടുതന്നെ. അക്രമങ്ങൾ തുടരുകയാണെങ്കിൽ വിനാശകരമായ ശിക്ഷകൊണ്ട് അവർ അവരെത്തന്നെ ദ്രോഹിക്കുന്നു. (സദ്വൃത്തർക്ക് സന്തോഷവാർത്ത ആയിക്കൊണ്ടും) സ്രഷ്ടാവിനെ ആരാധിക്കുന്നതിനും സൃഷ്ടികൾക്ക് ഉപകാരം ചെയ്യുന്നതിനും ഇഹലോകത്തും പരലോകത്തും മഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത, താക്കീത് നൽകപ്പെട്ട കാര്യങ്ങളും സന്തോഷവാർത്ത അറിയിക്കപ്പെട്ട കാര്യങ്ങളും അത് പറഞ്ഞുതരികയും ചെയ്യുന്നു.

13). അതായത് തങ്ങളുടെ രക്ഷിതാവിനെ അംഗീകരിക്കുകയും അവന്റെ ഏകത്വത്തിന് സാ ക്ഷ്യം വഹിക്കുകയും അവനെ കണിശമായി അനുസരിക്കുകയും അതിൽ സ്ഥിരമായി നിലകൊള്ളുകയും ചെയ്യുന്നവർ (പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവർ) തങ്ങളുടെ ജീ വിതകാലത്ത് (അവർക്ക് ഭയപ്പെടാനില്ല) ഭാവിയിൽ ഒരു ദോഷവും (അവർ അനുഭവിക്കേണ്ടിവരികയുമില്ല) അവർ ഇട്ടേച്ചുപോയതിൽ

14). (അവരാകുന്നു സ്വർഗാവകാശികൾ) സ്വർഗക്കാർ അതിൽതന്നെയായിരിക്കും. ഒരു മാറ്റം അവരാഗ്രഹിക്കുകയോ ഒരുപകരത്തെ അവർ ഉദ്ദേശിക്കുകയോ ഇല്ല. (അവർ അതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തച്ചതിനുള്ള പ്രതിഫലമത്രെ അത്). അല്ലാഹുവിൽ വിശ്വസിച്ചതിനും ആ വിശ്വാസമനുസരിച്ചുള്ള സൽക്കർമങ്ങൾ ചെയ്തതിനും ഈ പ്രവർത്തനങ്ങളിൽ അവർ ശരിയായി നിലകൊള്ളുകയും ചെയ്തു. ■

# തർക്കം



സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

തർക്കം ജനിക്കുന്നത് സംശയത്തിൽ നിന്നാണ്.
സംശയത്തിന്റെ മരുന്നു വിതരണമാണ് പിശാചിന്റെ പണി.
ഒരുവൻ ഒന്ന് പറയുന്നു,
മറ്റവൻ അതിന്റെ മേലെ പറയുന്നു.
അവസാനം മാന്യൻ നിർത്തുന്നു,
അമാന്യൻ തുടരുന്നു.
മാന്യന്റെ മൗനം തർക്കത്തിന്റെ ഉപസംഹാരമാണ്.
തർക്കം നിർത്താൻ മാന്യൻ നേരത്തെ ഉപസംഹരിച്ചാൽ മതി.
തർക്കം അടച്ചിടുന്നത് അറിവിന്റെ വാതിലുകളെയാണ്.
അറിവിന്റെ വാതിൽ തുറക്കുന്നതോടെ തർക്കം
അതിന്റെ വഴിക്ക് അപ്രത്യക്ഷമാകും.
തർക്കം ചർച്ചയാക്കാൻ എളുപ്പമാണ്,
പറയുന്നതിന്റെ കാര്യമാരാഞ്ഞാൽ മതി.
കേൾക്കാൻ തുറന്ന മനസ്സുണ്ടായാൽ തർക്കം നിർവീര്യമാകും.
തർക്കം ചാനലിലെത്തുമ്പോൾ നയിക്കുന്നവർ വാചാലരാവുന്നു;
അവരെ കവച്ചുവെക്കാൻ ചർച്ചക്കാരും.
അവസാനം തർക്കം തീരാതെ സമയം അവസാനിക്കുന്നു.
തർക്കംകൊണ്ട് ആർക്കും ഓർക്കാനായൊന്നും
പേർക്കാനില്ലെന്നതാണ് സത്യം!





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JULY 16

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

# നന്മയുടെ ദൂതൻ

# DAILY QUIZ!

JUNE 25 - JULY 30

എല്ലാ ദിവസവും വൈകിട്ട് 6.00 മണിക്ക്



1st Prize LAPTOP
2nd Prize Tablet
3rd Prize Mobile Phone

## കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും

ചോദ്യങ്ങൾ Peace Radio വഴിയും
Wisdom Youth ഫെയ്സ്ബുക്ക് പേജിലും
JUNE 25 മുതൽ കേൾക്കാം

peaceradio

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ